2018 മാർച്ച് 10
വാല്യം 11
ലക്കം 05

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2018 - 20 Price Rs: 10/- Pages: 08



ഉത്തരഭാരതത്തിൽ മാത്രം നമ്മൾ കേട്ടിട്ടുള്ള ആൾക്കൂട്ടവിചാരണയും കൊലപാതകവും സാക്ഷരകേരളത്തിൽ അരങ്ങേറിയപ്പോൾ കേരളത്തിന്റെ ചരിത്രത്തിൽ ഒരു കറുത്ത ഏടായി മാറി. കേരളവും മാറുകയാണ്. എന്നാൽ ആ മാറ്റം നമുക്ക് അഭിമാനിക്കാവുന്ന തരത്തിലല്ലായെന്നു മാത്രം

# കേരളം ഭ്രാന്താലയം

### ഛർദിച്ചുവീണു, ബോധം മറഞ്ഞു

അഗളി പോലീസിന്റെ87/18 ക്രൈം നമ്പർ എഫ്ഐ ആറിലെ പ്രസക്തഭാഗങ്ങൾ.

കള്ളനെ പിടികൂടിയെന്നു വ്യാഴാഴ്ച ഉച്ചകഴിഞ്ഞു 2.15നു വിവരം ലഭിച്ചതിനെത്തുടർന്നാണു മൂന്നോടെ പോലീസ് മുക്കാലിയിൽ എത്തിയത്. ദേഹമാകെ കരിപുരണ്ട മധുവിനെ അവശനിലയിൽ ബസ് കാത്തിരിപ്പുകേന്ദ്രത്തിൽ ഇരുത്തിയിരുന്നു.

കള്ളനാണെന്നും കാട്ടിൽനിന്നു പിടികൂടിയതാണെന്നും കൂടിനിന്നവർ പറഞ്ഞു. മേച്ചേരിയിൽ ഹുസൈൻ, പെരുമ്പള്ളിൽ മാത്തച്ചൻ, മനു ദാമോദരൻ കിഴക്കേകരയിൽ, അബ്ദുൾ റഹ്മാൻ പാക്കുളം, അബ്ദുൾ ലത്തീഫ് മുക്കാലി, അബ്ദുൽ കരീം ചോലയിൽ മുക്കാലി. എ.പി.ഉമ്മർ കക്കുപടി എന്നിവരാണു പിടിച്ചുകൊണ്ടുവന്നത്.

പിടികൂടിയവർ തന്നെ ചവിട്ടുകയും മർദിക്കുകയും ചെയ്തെന്നു മധു മൊഴി നൽകി. തുടക്കത്തിൽ മല്ലൻ (മധുവിന്റെ അച്ഛന്റെ പേര്) ചിണ്ടക്കി ഊര് എന്ന പേരാണു മധു പറഞ്ഞത്. 3.30നു വൈദ്യപരിശോധനയ്ക്കായി അഗളി സി.എച്ച്.സിയിലേക്കു പോലീസ് വാഹനത്തിൽ കൊണ്ടുപോയി. താവളം എന്ന സ്ഥലത്ത് എത്തിയപ്പോൾ ഛർദിച്ചു വാഹനത്തിൽ തളർന്നു വീണു. 4.15നു സി.എച്ച്.സിയിൽ എത്തുമ്പോൾ ബോധം നഷ്ടപ്പെട്ടിരുന്നു. ഡോക്ടർമാർ മരണം സ്ഥിരീകരിച്ചു.

## മുറിവുണങ്ങാതെ ദേവനാരായണൻ

## ആൾക്കൂട്ട ആക്രമണത്തിന്റെ നീറ്റലിൽ വയോധികൻ



**പൊന്നാനി:** ദേവനാരായണൻ മരിച്ചില്ല; പക്ഷേ, മരണവേദനയറിഞ്ഞു. അട്ടപ്പാടിയിലെ മധുവിനെപ്പോലെ. ഉടുതുണിയൂരി കൈകൾ കെട്ടിയിട്ട് എല്ലുമുറിയെ ആൾക്കൂട്ടം തല്ലിചതച്ചു. ഫെബ്രുവരി ഒന്നിനു രാവിലെ പൊന്നാനിയിലായിരുന്നു സംഭവം. പരിചയമുള്ള വഴികളിലൂടെ ഭിക്ഷതേടി എത്തിയതായിരുന്നു ദേവനാരായണൻ. 'കുട്ടികളെ പിടിത്തക്കാരൻ' എന്നുപറഞ്ഞു തടഞ്ഞുവച്ചു നിലത്തിട്ടു ചവിട്ടി, വടികൊണ്ടടിച്ച് അവശനാക്കി. കെട്ടിയിട്ടു മർദനം തുടർന്നു. തൊട്ടടുത്തുതന്നെ താലൂക്ക് ആശുപത്രി ഉള്ളതിനാൽ പാവത്തിനു ജീവൻ തിരിച്ചുപിടിക്കാൻ കഴിഞ്ഞു. അടിയുടെയും മാന്തിപ്പൊളിച്ചതിന്റെയും ചെരിപ്പിട്ടുള്ള ചവിട്ടിന്റെയും പാടുകൾ ഇപ്പോഴും ദേഹത്തുണ്ട്.

മനോരമ

### പുറംലോകത്തെ ഭയന്ന് പാറയിടുക്കിൽ ജീവിതം

അട്ടപ്പാടി കുറുമ്പ കടുകുമണ്ണയിൽ, ഏഴുവർഷമായി വനത്തിലെ പാറയിടുക്കിലായിരുന്നു മധുവിന്റെ ജീവിതം. പ്രാക്തന ഗോത്ര ഊരാണു കടുകുമണ്ണ. അച്ഛൻ മല്ലൻ വർഷങ്ങൾക്കു മുമ്പേ മരിച്ചു. അമ്മ മല്ലികയും സഹോദരിമാരായ ചന്ദ്രികയും സരസയുമാണു വീട്ടിലുള്ളത്. തൊഡുക്കിയിൽ അങ്കണവാടി അധ്യാപികയാണു സരസ. ചന്ദ്രികയ്ക്കു ജോലിയില്ല. ഇരുവരും വിവാഹിതർ.

പ്രാഥമിക വിദ്യാഭ്യാസം മാത്രം ലഭിച്ചിട്ടുള്ള മധു വർഷങ്ങൾക്കു മുമ്പു പാലക്കാടു ഭാഗത്തു കെട്ടിടം പണിക്കു പോയിരുന്നു. അവിടെവച്ച് ആക്രമിക്കപ്പെട്ടതോടെ ഭയന്ന് ഊരിലേക്കുതന്നെ മടങ്ങി. പുറത്തുനിന്നുള്ളവരെ ഭയത്തോടെ കണ്ട്, വനത്തിൽ പാറയിടുക്കിലായിരുന്നു പിന്നീടു വാസം. വല്ലപ്പോഴും അമ്മയുടെയും സഹോദരിമാരുടെയും അടുത്തെത്തും.

കേരളത്തെ നടുക്കിയ ഒരു കൊലപാതകവും അതിന്റെ മുന്നോടിയായി നടന്ന ആൾകൂട്ട വിചാരണയുടെയും റിപ്പോർട്ട് ഒരു പ്രമുഖ പത്രത്തിൽ വന്നതാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. കേരളം ഒരു ഭ്രാന്താലയം ആണെന്ന് സ്വാമി വിവേകനാന്ദൻ പറഞ്ഞത് പതിറ്റാണ്ടുകൾക്ക് മുമ്പാണ്. ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തേക്കാളും എല്ലാ നിലയിലും മുമ്പിലാണ് കേരളം എന്ന് നമ്മൾ അഭിമാനിക്കുന്നു. ദൈവം കനിഞ്ഞു നൽകിയ പ്രകൃതി സൗന്ദര്യം കൂടിയായപ്പോൾ നമ്മൾ കുറച്ചുകൂടി അഭിമാനപുളകിതരായി. സാമൂഹ്യ പ്രതിബദ്ധത ഉള്ളവരും വിദ്യാസമ്പന്നരും ജാതിമത ചിന്തകൾക്കപ്പുറത്തായി ഏകോദര സഹോദരങ്ങളെപ്പോലെ ജീവിച്ചിരുന്നതുമായ മലയാളികൾ ഇന്ന് സ്വപ്നങ്ങളിൽ മാത്രം. നമ്മൾ മാറിയിരിക്കുന്നു. വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ നമ്മുടെ നാടിന് നമ്മൾ കനിഞ്ഞുനൽകിയ പേരാണ് ദൈവത്തിന്റെ സ്വന്തം നാട് എന്നത്. എന്നാൽ യാഥാർത്ഥ്യം മറ്റൊന്നായിരിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാട്ടിൽ ചെകുത്താൻ ആധിപത്യം ഉറപ്പിച്ചിട്ട് കാലം കുറെയായി. മനുഷ്യത്വം നഷ്ടപ്പെട്ട ഇരുകാലി മൃഗങ്ങളുടെ ഈ നാട് എന്ന് നന്നാകും. ഉത്തരഭാരതത്തിൽ നടമാടുന്ന ആൾക്കൂട്ട വിചാരണയും കൊലപാതകവും കേരളത്തിന്റെ മരവിച്ച മനസാക്ഷിയുടെ നേർകാഴ്ചയായി. മധു രക്തസാക്ഷിയായപ്പോൾ ദേവനാരായണൻ ജീവിക്കുന്ന രക്തസാക്ഷിയായി. ഒരിറ്റ് വറ്റിന്റെ പേരിൽ ജീവൻ ത്യജിക്കേണ്ടിവന്ന മധുവിനോട് മാപ്പ്..!! ഇനിയും മധുമാർ സൃഷ്ടിക്കപ്പെടാതിരിക്കട്ടെ.

## ഓസ്ട്രേലിയൻ ഐ. പി. സി. കോൺഫറൻസ്

**സിഡ്നി:** ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസിന്റെ എട്ടാമത് സമ്മേളനം 2018 മാർച്ച് 30, 31, ഏപ്രിൽ 1 തീയതികളിൽ സിഡ്നിയിൽ വച്ചു നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

മാർച്ച് 30 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ് ഉത്ഘാടനം നിർവഹിക്കുന്ന കോൺഫറൻസിൽ പാസ്റ്റർ എബി എബ്രഹാം മുഖ്യ സന്ദേശം



പാസ്റ്റർ തോമസ് ജോർജ്ജ്

നൽകുന്നു. മൂന്നു ദിവസങ്ങളിലായി നടക്കുന്ന കോൺഫറൻസിൽ സ്വദേശത്തും വിദേശത്തുമുള്ള മറ്റു അഭിഷിക്ത കർത്തൃദാസന്മാരും ദൈവ വചനം ശുശ്രൂഷിക്കുന്നതാണ്. സുപ്രസിദ്ധ ക്രിസ്ത്യൻ ഗായകനായ രൂഫോസ് കുര്യാക്കോസ് ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നു. കോൺഫറൻസിന്റെ ഈ വർഷത്തെ തീം "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു" (കൊലോ.1 :27) എന്നുള്ളതാണ്. ഞായറാഴ്ച സംയുക്ത ആരാധനയോടെ ഈ വർഷത്തെ കോൺഫറൻസ് സമാപിക്കും.

### സാക്ഷി



"ആൾക്കൂട്ട വിചാരണ" ആദിവാസി യുവാവ് കൊല്ലപ്പെട്ടു
- വാർത്ത

*കേരളം വളരുന്നത്*
*പടവലങ്ങാ പോലെ*
*കീഴോട്ടായിരിക്കുന്നു*

# ബെന്നിഹിൻ മാറ്റത്തിന്റെ പാതയിലോ?



പ്രകാശ് പി. കോശി

സമൃദ്ധിയുടെ സുവിശേഷത്തിന്റെ വക്താവായ ബെന്നിഹിൻ മാറ്റത്തിന്റെ പാതയിൽ ആണെന്ന് തോന്നിപ്പിക്കുന്ന ഒരു വീഡിയോ തന്റെ ഫേസ്ബുക്ക് പേജിലും മറ്റ് മാധ്യമങ്ങളിലും ഫെബ്രുവരി അവസാന വാരം പ്രത്യക്ഷപ്പെട്ടു. താൻ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത സമൃദ്ധിയുടെ സുവിശേഷം ദൈവവചനാടിസ്ഥാനത്തിൽ ഉള്ളതല്ലായിരുന്നു എന്ന് ബെന്നിഹിൻ ഇതിൽ സമ്മതിക്കുന്നു. വലിയ കോലാഹലങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള വെളിപ്പെടുത്തലുകളാണ് ബെന്നിഹിൻ വീഡിയോയിൽ നടത്തുന്നത്.

"സമൃദ്ധി പഠിപ്പിച്ചതിന് ഞങ്ങൾ ആക്രമിക്കപ്പെട്ടു. ഇത് ബൈബിളിൽ ഉള്ള കാര്യമാണ്. എന്നാൽ ദുഃഖകരമെന്ന് പറയട്ടെ, ചിലർ ഇത് ദുർവ്യാഖ്യാനം ചെയ്തു. ദൈവവചനമല്ലായിരുന്നു ഇവിടെ പഠിപ്പിക്കപ്പെട്ടത്. മറ്റുള്ളവർ തെറ്റുകാരായിരിക്കുന്നതുപോലെ ഞാനും ഇതിൽ തെറ്റുകാരനാണ്" ബെന്നിഹിൻ പറഞ്ഞു.

ബില്ലിഗ്രഹാമിന്റെ വിടവാങ്ങലിനോടനുബന്ധിച്ച് അനുശോചനം അറിയിക്കാനാണ് ഈ വീഡിയോ എടുത്തതെന്ന് തുടക്കത്തിൽ പറയുന്നു. തൊണ്ണൂറുകളുടെ പകുതിയിൽ ബില്ലിഗ്രഹാമിന്റെ മകൻ ഫ്രാങ്ക്ളിൻ ഗ്രഹാമിനെ കണ്ടതും. ആ കൂടിക്കാഴ്ച ഒരു പുതിയ തലത്തിലേക്ക് തന്നെ കൊണ്ടുവന്നെന്നും ബെന്നിഹിൻ പറഞ്ഞു. ബെന്നിഹിന്നുമായുള്ള സംഭാഷണത്തിൽ ഫ്രാങ്ക്ളിൻ ഇങ്ങനെ പറഞ്ഞു.

"ബെന്നി, രോഗശാന്തി ശുശ്രൂഷയിലൂടെ ദൈവം താങ്കളെ ഉപയോഗിക്കുന്നു എന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാം. എന്നാൽ എന്റെ പിതാവ് എപ്പോഴും പറയുന്ന ഒരു സത്യം, അതായത്, നാം സുവിശേഷീകരണത്തിൽ ശ്രദ്ധ പതിപ്പിക്കുകയാണെ

06

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFiCE: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## എഡിറ്റോറിയൽ

# അറുതി വരുമോ കൊലപാതക രാഷ്ട്രീയം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഒരു ഇടവേളക്ക് ശേഷം സംസ്ഥാനത്ത് വീണ്ടും രാഷ്ട്രീയ കൊലപാതകം ചർച്ച ആകുകയാണ്. കൊലപാതക രാഷ്ട്രീയം ഒരു നാടിന്റെ മേൽവിലാസമായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ച ഏറെ വേദകരവുമാണ്. പ്രബുദ്ധരെന്നവകാശപ്പെടുന്ന സമൂഹത്തിലും ഇത്തരം പ്രാകൃത കൃത്യങ്ങൾ കൃത്യമായ ഇടവേളകളിൽ ആവർത്തിച്ചാവർത്തിച്ചുണ്ടാവുന്നത്, ചോരക്കളിയിൽ ഇപ്പോഴും നാമെത്ര പ്രാകൃതരാണെന്ന് ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മട്ടന്നൂർ എടയന്നൂരിലെ യൂത്തുകോൺഗ്രസ് പ്രവർത്തകൻ ഷുഹൈബ് കൊല്ലപ്പെട്ട ദൗർഭാഗ്യകരമായ സംഭവം കേരളത്തെ ഞെട്ടിച്ചു. പ്രതികൾ എല്ലാം തന്നെ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ അംഗങ്ങളാണെന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടവർ തന്നെ ജീവനെടുക്കുവാൻ മുന്നിട്ടിറങ്ങിയാൽ ജനങ്ങൾ എന്തു ചെയ്യും എന്ന ചോദ്യവും ഇപ്പോൾ പ്രസക്തമാണ്. സംസ്ഥാനത്തെ രാഷ്ട്രീയകൊലപാതകങ്ങൾക്ക് ഏകദേശം 65 വർഷത്തിലേറെ ചരിത്രമുണ്ട്. 1948 മെയ് 11-ന് സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന മൊയ്യാരത്ത് ശങ്കരനെ എതിരാളികൾ രാഷ്ട്രീയ വൈരാഗ്യം മൂലം തല്ലിച്ചതച്ചതിനെ തുടർന്ന് മൃതപ്രായനായ അദ്ദേഹം കണ്ണൂർ സെൻട്രൽ ജയിലിൽ മരണമടഞ്ഞു.1968 ഏപ്രിൽ 29ന് മാവൂർ ഗ്വാളിയോർ റയോൺസിലെ ജീവനക്കാരനായിരുന്ന പി.പി. സുലൈമാൻ ഡ്യൂട്ടികഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ അതിദാരുണമായി വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. റയോൺസ് വർക്കേഴ്സ് യൂണിയൻ നേതാവും പാർടി ലോക്കൽ കമ്മിറ്റി അംഗവുമായിരുന്നു. 1969 ഏപ്രിൽ 21ന് ഇന്നത്തെ ബി.ജെ.പിയുടെ പഴയ രൂപമായിരുന്ന ജനസംഘത്തിന്റെ പ്രവർത്തകനായിരുന്ന വാടിക്കൽ രാമകൃഷ്ണൻ കണ്ണൂരിൽ രാഷ്ട്രീയ വൈരാഗ്യം മൂലം കൊല്ലപ്പെട്ടു .രാഷ്ട്രീയ അക്രമങ്ങളിൽ ജീവഹാനി സംഭവിക്കുന്നവരുടേയും പരിക്കേൽക്കുന്നവരുടെയും ചരിത്രം പരിശോധിച്ചാൽ അവരിൽ അധികവും സാധാരണക്കാരായ പ്രവർത്തകരാണെന്ന് കാണാനാവും.ഓരോ കൊലപാതകവും, അംഗഭംഗവും, മുറിവും വേദനാജനകമാണ്; അവയിലൂടെ തുടരുന്ന രാഷ്ട്രീയം പ്രാകൃതവും. നിരപരാധികളെ മൃഗീയമായി കൊലപ്പെടുത്തി രാഷ്ട്രീയ ആധിപത്യം നേടാൻ ശ്രമിക്കുന്നത് അംഗീകരിക്കാൻ മനസാക്ഷിയുള്ള ആർക്കും കഴിയില്ല. തങ്ങൾക്കിഷ്ടമില്ലാത്ത ആശയങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരെ കൊലപ്പെടുത്തുന്നത് ഫാസിസ്റ്റ് രീതിയാണ്. ഇത്തരം ക്രൂരകൃത്യങ്ങൾ കേരളീയ സമൂഹത്തിന് തീരാ കളങ്കമാണ്. രാഷ്ട്രീയ തിമിരം ബാധിച്ച ഇത്തരം കൊലപാതകങ്ങൾ നമ്മെ ഇരുണ്ട കാലത്തേക്കാണ് നയിച്ചുകൊണ്ടിരിക്കുന്നത്. കത്തിയുടേയും കഠാരയുടേയും ഭാഷ രാഷ്ട്രീയത്തിന് നൽകുകയും എതിരാളികളെ എറിഞ്ഞ് വീഴ്ത്തി കണക്ക് പറയുകയും പറയിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ രാഷ്ട്രീയം ഭ്രാന്താവുകയും ചെയ്താൽ ഇന്നാട്ടിൽ ശാന്തിയും സമാധാനവും അന്യമാവും. എന്തും എപ്പോഴും എവിടെയും സംഭവിക്കാം എന്ന സ്ഥിതിവിശേഷം നിലവിൽ വന്നാൽ സമാധാനത്തോടെ വീട്ടിൽ കിടന്നുറങ്ങുന്നതെങ്ങനെയാണ്. അപ്പോൾ നാട് ഭരിക്കുന്നത് ഭീതിയായിരിക്കും. മുമ്പ് അഡോൾഫ് ഹിറ്റ്ലർ ജർമ്മനി അടക്കി ഭരിച്ചിരുന്ന കാലത്ത് ഇവിടം ഭരിക്കുന്നതാരാണെന്ന ചോദ്യത്തിന് 'ഭയമാ'ണെന്ന് ഒരു പൗരൻ മറുപടി പറഞ്ഞിരുന്നെത്രെ. കണ്ണിന് കണ്ണ് ചോരയ്ക്ക് ചോര എന്ന ഗോത്ര നിയമം പോലെയാണ് രാഷ്ട്രീയ പാർട്ടികൾ തമ്മിൽ പരസ്പരം പോരടിച്ച് ജീവനെടുക്കുന്നത്. പകരത്തിന് പകരം ചോദിക്കാൻ രാഷ്ട്രീയ പാർട്ടികൾ കൊലവിളി മുഴക്കുമ്പോഴെല്ലാം ജീവൻ പൊലിയുന്നത് സാധാരണക്കാരുടേതാണ്. മരിച്ചവർക്ക് വേണ്ടി പാർട്ടി വക കേവലമൊരു ഹർത്താൽ ആഹ്വാനം ചെയ്തത് കൊണ്ട് അനാഥമാകുന്ന കുടുംബങ്ങളുടെ നഷ്ടങ്ങൾ നികത്താനാവില്ല. എന്തിനു വേണ്ടിയാണ് ഇത്തരം കൊലപാതകങ്ങൾ ആസുത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും. എന്നും ഭീതിയുടെ രാഷ്ട്രീയാന്തരീക്ഷം സൃഷ്ടിക്കാനുള്ള ബോധപൂർവമായ ശ്രമമാണ് എല്ലാവിഭാഗം രാഷ്ട്രീയ പാർട്ടികളിൽ നിന്നും എല്ലായ്പ്പോഴുമുണ്ടാകുന്നത്. തങ്ങളുടെ ഒരു കൂട്ടം പ്രവർത്തകരിൽ വളർന്നുവരുന്ന അസംതൃപ്തിയും കൊഴിഞ്ഞുപോക്കും ചിലർ മറ്റു പാർട്ടികളിൽ ചേരുന്നതും തടയിടാൻ ഭയപ്പാടിന്റെ അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ടെന്നാണ് പാർട്ടികളുടെ ഇടപെടലുകൾ ബോധ്യപ്പെടുത്തുന്നത്. അണികളുടെ കൊഴിഞ്ഞുപോക്ക് തടയാനായി സംഘർഷം സൃഷ്ടിക്കാൻ നേതൃത്വത്തിന്റെ അറിവോടെ നടക്കുന്ന നീക്കങ്ങളാണു പലപ്പോഴും കാര്യങ്ങൾ വഷളാക്കുന്നതെന്നാണ് പോലീസിന്റെ നിഗമനം. ആശയത്തെ ആശയം കൊണ്ട് നേരിടാൻ അറിയാത്ത ഭീരുക്കളാണ് രാഷ്ട്രീയ എതിരാളികളെ കായികമായി നേരിടുന്നത്.ഓർക്കുക ഹിംസയുടെ രാഷ്ട്രീയം കേവലമായ വെറുപ്പിനെ മാത്രം പ്രതിനിധാനം ചെയ്യുന്നതാണ്. കേരളം പോലുള്ള ഒരു സമൂഹത്തിൽനിന്ന് നിഷ്കാസനം ചെയ്യേണ്ടതാണ്. അല്ലായെങ്കിൽ അതിന് വലിയ വില നാം കൊടുക്കേണ്ടതായി വരും.

## ലേഖനം

# ചെവിയുള്ളവൻ കേൾക്കട്ടെ – തുടർച്ച



പാസ്റ്റർ കെ. ജെ. മാത്യു

നിർമ്മലമായ ദൈവ വചനത്തിന്റെ അന്തസത്തയെ മാറ്റിക്കളയുകയും പെന്തെക്കോസ്തിന്റെ ധാർമ്മികതയ്ക്ക് യാതൊരു വിലയും കല്പിക്കാത്ത വചന വിരുദ്ധവും അന്യവുമായ ദുരുപദേശങ്ങളെയും ദുരാചാരങ്ങളേയും പാഷാണ ഉപദേശത്തെയും ദൈവസഭയിൽ തിരുകി കയറ്റുകയും ചെയ്യുന്ന അമിത കൃതിപ്പുകാരെയും വിട്ടൊഴിഞ്ഞ് ദൈവവചനത്തിലേക്ക് മടങ്ങണമെന്നാണ് കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചത്.

ഇന്ന് ദൈവജനത്തിന്റെ പരാജയത്തിനു കാരണം ഇതൊന്നു മാത്രമാണ് – ന്യായപ്രമാണത്തിന് അഥവാ ദൈവവചനത്തിന് അയവു വന്നിരിക്കുന്നു. ഈ കുറിക്കുന്ന വരികൾ സത്യസന്ധരും ദുരാദായം വെറുക്കുന്നവരുമായ പരമാർത്ഥികളായ ദൈവദാസന്മാരെയും പ്രസ്ഥാനങ്ങളെയും ഉദ്ദേശിച്ചല്ല, മറിച്ചു ദൈവഭക്തി ആദായ സൂത്രം എന്നു വിചാരിക്കുന്നവരെക്കുറിച്ചു മാത്രമാണ്.

ഇന്ന് എന്തിന്റെ കുറവുണ്ട്? ഒരു കാലത്ത് സ്വപ്നം കാണുവാൻ പോലും കഴിയാതിരുന്നതൊക്കെ നമുക്ക് ലഭിച്ചു കഴിഞ്ഞു. പക്ഷെ ദൈവവചനത്തിലെ കാതലായ ഉപദേശ സത്യങ്ങൾക്കു അയവു വന്നിരിക്കുന്നു. ദൈവസഭ ലോകത്തിനു എന്നും അന്യവും വേർപെട്ടതുമാണ്. എന്നാൽ ഇന്നോ? നവീന ഉപദേശങ്ങളും, പദ്ധതികളും പുത്തൻ തലമുറക്കാർ കൊണ്ടുവരികയും മറ്റു സമുദായങ്ങളെപ്പോലെ വേർപെട്ട ദൈവസഭയെ ആക്കിതീർക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നു വരുന്ന സകല വചനങ്ങളും കൊണ്ടു ജീവിക്കണം എന്നു പഠിപ്പിച്ച, കർത്താവിന്റെ വചനം ഉൾക്കൊണ്ടു ഭൂലോകമെങ്ങും കഷ്ടതയിലും ദാരിദ്ര്യത്തിലും പീഡകളിലും മറ്റുള്ളവർക്കായി സൌജന്യ സുവിശേഷം വിതറിയതുമൂലം രക്ഷിക്കപ്പെട്ട ആധുനിക അപ്പൊസ്തലന്മാർ, സുവിശേഷത്താലും കൃപാവര ശുശ്രൂഷയാലും വാരിക്കൂട്ടുന്ന ധനസമൃദ്ധിയും ഈ ലോക ആഡംബരങ്ങളും കാണുമ്പോൾ സ്വർഗ്ഗത്തിലെ ദൂതന്മാർ പോലും – കുനിഞ്ഞു നോക്കിപ്പോകും.

സൗജന്യമായി ലഭിച്ച രക്ഷയും, സുവിശേഷവും, കൃപാവരങ്ങളും വിലപിടിപ്പുള്ളതായി കരുതി കണക്ക് പറഞ്ഞ് പ്രതിഫലം ചോദിച്ചു വാങ്ങുമ്പോൾ, വേദപുസ്തക സത്യങ്ങളെ തങ്ങൾക്കു ബോധിച്ചതു പോലെ നീട്ടിയും കുറുക്കിയും മാറ്റിയും മറിച്ചും പ്രസംഗകലയെന്ന ആധുനിക ദൈവശാസ്ത്രത്തിന്റെ മറവിൽ ധനസമ്പാദനത്തിനും, വസ്തുവും തോട്ടവും മണിമാളികകളും തീർക്കുന്നതിനും ഉപാധികളാക്കിയിരിക്കുന്നതാണല്ലോ ഇന്നു നാം കാണുന്നത്.

ദൈവസഭയിൽ ആത്മികമല്ലാതെ മറ്റൊന്നും പാടില്ല. ഇതിൽ മനുഷ്യന്റെ ബുദ്ധിയോ, തന്ത്രമോ, പദ്ധതികളോ ഇടകലർത്തുവാൻ പാടില്ല. അത് ദൈവം വെറുക്കുന്നതാണ്.

ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും സമ്പന്നമായ സൗകര്യങ്ങൾ ആധുനിക തലമുറയെ ദൈവനിഷേധത്തിന്റെയും ആത്മീയ അരാജകത്വത്തിന്റെയും ദുരന്ത വഴികളിൽ എത്തിച്ചിരിക്കുന്നു. പ്രബോധനങ്ങൾ എത്ര ശക്തമാണെങ്കിലും അതിനെ കൂസാക്കാതെ മറുതലിക്കുന്ന ഇന്നത്തെ തലമുറയുടെ നടുവിൽ ദൈവത്തിന്റെ തിരുവചനങ്ങളെ ഈ ലോകത്തിന്റെ ഇമ്പങ്ങൾക്കു ചേരും വിധം താരതമ്യപ്പെടുത്തി വ്യാഖ്യാനിച്ച് പഠിപ്പിച്ച് അനേകരെ വഴിതെറ്റിക്കുന്ന കാലഘട്ടമാണ് ഇത്. ദൈവവചനം വിശ്വാസികൾക്ക് അന്യമായിരിക്കുന്നു. ദൈവവചനത്തെ അനേകം വിശ്വാസികളും തെറ്റിദ്ധരിച്ചിരിക്കുന്നു.

ജനത്തിന് പാപബോധമോ അനുതാപമോ സൃഷ്ടിക്കുവാൻ സാഹചര്യമൊരുക്കാതെ അത്ഭുതങ്ങൾ നടക്കുന്നുവെന്ന് പെരുമ്പറ മുഴക്കി പല പേരുകളിൽ അറിയപ്പെടുന്ന സുവിശേഷ ' യോഗങ്ങൾ ആദായ സൂത്രങ്ങളാക്കി മാറ്റുമ്പോൾ ഇന്നും ഈ വിടുതലിന്റെ സന്ദേശം കേൾക്കാത്ത ജനകോടികൾ അവശേഷിക്കുന്നു.

സത്യമാർഗ്ഗത്തെ കർമ്മ മാർഗ്ഗത്തിന്റെ കുടുക്കിലാക്കി ജനങ്ങളെ ആ ദൂഷിത വലയത്തിൽ കുരുക്കിയിട്ടിരിക്കുന്ന അവസ്ഥയിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് അധികാരത്തോടെ വിളിക്കുന്നവരുടെ ശബ്ദം മുഴങ്ങണം. ഒപ്പം വക്രബുദ്ധി ഉപയോഗിച്ച് സത്യമാർഗ്ഗത്തിൽ ദോഷം കലർത്തുന്ന ശത്രു നമ്മുടെയിടയിൽ സ്വാധീനം ചെലുത്താതിരിക്കാനുള്ള ശ്രദ്ധയും ആവശ്യമാണ്. (അവസാനിച്ചു)

എനിക്കും പറയാനുണ്ട്

# മധുവിന്റെ മരണവും മലയാളിയുടെ തനിനിറവും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

കേരള മനസ്സാക്ഷിയെ ഞെട്ടിച്ച സംഭവമായിരുന്നു അട്ടപ്പാടിയിലെ ആദിവാസി യുവാവിന്റെ ദാരുണമായ മരണം. ആൾക്കൂട്ട വിചാരണയ്ക്കൊടുവിൽ വിശന്ന് വലഞ്ഞവനെ അവർ മർദ്ദിച്ച് കൊലപ്പെടുത്തി. തലച്ചോറ് കലങ്ങുകയും വാരിയെല്ല് ഒടിയുകയും ചെയ്ത മാനസികാസ്വാസ്ഥ്യമുള്ള ആ കാടിന്റെ മകന്റെ ദയനീയമായ അന്ത്യം എത്രയോ ദുഃഖകരമായിരുന്നു. അവന്റെമേൽ ആരോപിക്കപ്പെട്ട കുറ്റം മോഷണമായിരുന്നു. കണ്ടെടുത്തു എന്നു പറയുന്നത് ആഹാരസാധനങ്ങൾ മാത്രം. പന്തിരായിരവും ആറായിരവും ഒക്കെ കോടികൾ മോഷ്ടിക്കുന്നവർ വളരെ വിദഗ്ദമായി രക്ഷപ്പെട്ട് വിദേശരാജ്യങ്ങളിൽ സസുഖം പുളച്ച് മദിക്കുമ്പോൾ വിശപ്പിനായി ആഹാരം എടുത്തവൻ ദാരുണമായി കൊലചെയ്യപ്പെട്ടു. ആൾക്കൂട്ട വിചാരണയും കൊലപാതകവും ഉത്തരഭാരതത്തിൽ നടക്കുന്നത് വാർത്തകളിലൂടെ അറിഞ്ഞ് രോഷം കൊള്ളുന്ന കേരളത്തിൽ തന്നെ ഇത് സംഭവിച്ചപ്പോൾ നമ്മൾ എവിടെയെത്തി നിൽക്കുന്നു എന്ന് തിരിച്ചറിയുവാനുള്ള ഒരു അവസരം കൂടിയായി ഇത്. കാടിന്റെ മക്കളെ ആട്ടിപ്പുറത്താക്കി അവനുള്ളതെല്ലാം കൈവശമാക്കി കാട് വെളുപ്പിച്ച് പ്രകൃതിയെ ചൂഷണം ചെയ്ത് ആർത്തിപ്പണ്ടാരങ്ങളായി മലയാളി മാറിയിരിക്കുന്നു. നിഷ്കളങ്കരായ ആദിവാസികളെ അവരുടെ തനതായ ജീവിതശൈലിയിൽ നിന്നും മാറ്റികളഞ്ഞവർ അറിഞ്ഞോ അറിയാതെയോ അവരുടെ നാശത്തിന് വഴിമരുന്നിടുകയാണ് ചെയ്തത്. അവന്റെ സംസ്കാരം, ഭാഷ, ആഹാരം, കൃഷി, ജീവിതശൈലി ഇതെല്ലാം വ്യത്യസ്തമായിരുന്നു. അവരെ അവരുടെ വഴിയിൽ വിടേണ്ടതിനുപകരം കയ്യേറ്റക്കാരുടെ സംസ്കാരവും ഭാഷയും ആഹാരവും കൃഷിയും ജീവിതശൈലിയുമൊക്കെ അടിച്ചേൽപ്പിക്കുവാനാണ് ശ്രമിച്ചത്. മൂന്നു പഞ്ചായത്തുകൾ മാത്രം വിസ്തൃതിയുള്ള അട്ടപ്പാടിയിലേക്ക് ഇതുവരെയായി ആയിരക്കണക്കിന് കോടി രൂപയാണ് വിവിധ പദ്ധതികളിലൂടെ ഗവൺമെന്റ് ചെലവഴിച്ചിരിക്കുന്നത്. 2013-ൽ മാത്രം മധു ഉൾപ്പെടുന്ന ഗോത്രവർഗ്ഗത്തിലെ രണ്ടായിരം കുടുംബങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചത് 748 കോടി രൂപയാണ്. ഓരോ കുടുംബങ്ങൾക്കും വീതം വെച്ചിരുന്നെങ്കിൽ 3740000 രൂപയുടെ അവകാശിയായിരുന്നു മധുവിന്റെ കുടുംബം. കഴിഞ്ഞ 30 വർഷത്തിനിടയിൽ 26000 കോടി രൂപയാണ് പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി ഗവൺമെന്റ് അനുവദിച്ച തുക. ഇതിൽ 16 വർഷത്തിനുള്ളിൽ ആദിവാസി ക്ഷേമത്തിനുവേണ്ടി 2371 കോടിയാണ് ചെലവഴിച്ചിരിക്കുന്നത്. ഇത്രയും പണം എവിടെപോയെന്ന് മധുവിനെ വിചാരണചെയ്ത കയ്യേറ്റക്കാർ സ്വയവിചാരണ നടത്തണം. വിശക്കുന്നവനും ദളിതനും ആദിവാസിയും ചതിക്കപ്പെടരുത്. ചതിച്ചവരെയും ചതിക്കുന്നവരെയും മലയാളി ഇനിയെങ്കിലും മനസ്സിലാക്കണം. പുറത്തുവരുന്ന കണക്കുകൾ ശരിയാണെങ്കിൽ ഓരോ ആദിവാസിയും ലക്ഷപ്രഭുക്കളാണ്. അങ്ങനെ വരുമ്പോൾ ആരാണ് അവരുടെ ഇന്നത്തെ അവസ്ഥയ്ക്ക് ഉത്തരവാദി. ശരിയായ അന്വേഷണം നടക്കുകയാണെങ്കിൽ ആദിവാസി ഫണ്ട് വിനിയോഗമായിരിക്കും കേരളം കണ്ട ഏറ്റവും വലിയ അഴിമതി. എന്നാൽ ഈ തുകയെല്ലാം ആരുടെയൊക്കെയോ വായിൽ പോയി എന്നതാണ് യാഥാർത്ഥ്യം. ആദിവാസികളെ ഉദ്ധരിക്കുവാൻ എത്രയോ സംഘടനകളും ഇതുപോലെ ഫണ്ട് സ്വരൂപിക്കുന്നു. ഇതെല്ലാം എവിടെയാണ് എത്തിച്ചേരുന്നത് എന്ന് ദൈവത്തിനുമാത്രം അറിയാം. നല്ല വസ്ത്രമില്ലാതെ, പോഷകാഹാരമില്ലാതെ, കിടക്കുവാൻ നല്ല വീടില്ലാതെ ആദിവാസികൾ നശിച്ചുകൊണ്ടിരിക്കുന്നു. സമൂഹ അടുക്കള എന്നൊക്കെ ഗവൺമെന്റ് സമയാസമയങ്ങളിൽ പറയുന്നുണ്ടെങ്കിലും കാടിന്റെ മക്കൾ എന്നും ദുരിതത്തിൽ തന്നെയാണ്. ട്രൈബൽ മിഷൻ, ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ്, പെന്തെക്കോസ്ത് സഭകൾ ഇവയെല്ലാം ഈ മേഖലയിൽ സുവിശേഷപ്രഘോഷണവും ജീവകാരുണ്യ പ്രവർത്തനങ്ങളുമൊക്കെ നടത്തുന്നു എന്നാണ് പറയുന്നത്. പക്ഷെ, ദുരിതങ്ങൾ ഇനിയും ബാക്കി.

കയ്യേറ്റക്കാരും കയ്യൂക്കുള്ളവരുമായ ആർത്തിപ്പണ്ടാരങ്ങൾ എല്ലാം അടിച്ചുമാറ്റി സമ്പന്നരാകുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. അതിൽ രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥർ, ആത്മീയത വിൽക്കുന്നവർ എല്ലാം ഉൾപ്പെട്ടിട്ടുണ്ട്. കാടിന്റെ മക്കളുടെയും ദളിതരുടെയും അധഃസ്ഥിതരുടെയും പേരിൽ കള്ളക്കണ്ണീർ ഒഴുക്കി ഇക്കൂട്ടർ ഉണ്ടാക്കുന്ന പ്രൊജക്റ്റുകളിലൂടെ ലക്ഷങ്ങളും കോടികളും കൈമറിയുകയാണ്.

സുവിശേഷ രംഗവും ഇന്ന് ആർത്തിപ്പണ്ടാരങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പാവങ്ങളുടെ പേര് പറഞ്ഞ് സുവിശേഷത്തിന്റെ മറവിലും ഒരു കൂട്ടർ തിന്നുകൊഴുക്കുകയാണ്. ഇന്ന് ആത്മീയത പ്രസംഗിക്കുന്ന അഭിനവ ഗേഹസിമാരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. കോർപ്പറേറ്റ് മുതലാളിമാരെ വെല്ലുന്ന കോടീശ്വരന്മാരാണ് ആധുനിക പെന്തെക്കോസ്തിലെ പല നേതാക്കന്മാരും. പാവങ്ങളുടെയും അധഃസ്ഥിതരുടെയും പേരിൽ കള്ളക്കണ്ണീർ ഒഴുക്കിയും സുവിശേഷത്തിന്റെ പേരിൽ പ്രൊജക്ടുകൾ ഉണ്ടാക്കിയും ഇവർ സമ്പാദിക്കുന്നത് കോടികളാണ്. ഒരുകൂട്ടർ ധനവാന്മാരായി തീരുമ്പോൾ തന്ത്രങ്ങൾ അറിയാത്തവർ പട്ടിണിപാവങ്ങളായി സുവിശേഷവയലിൽ അധ്വാനിച്ച് ഒടുങ്ങുന്നു. എങ്ങാനും മേലാളന്മാർക്കെതിരെ ശബ്ദിച്ചാൽ ആൾക്കൂട്ട വിചാരണ നടത്തി അവരെ അതിക്രൂരമായി ഇല്ലായ്മ ചെയ്യുന്നു. ആർത്തിപ്പണ്ടാരങ്ങളാണ് എവിടെയും. അത് ഈ ലോകക്കാരിൽ മാത്രമല്ല ആത്മീയരിലും ഒരുപോലെ പ്രകടമാണ്.

കാഴ്ചക്കുറിപ്പുകൾ

# ‘ഹൈക്കമാന്റ്’



സാം. ടി. മൈക്കിൾ
ഇളമ്പൽ

‘ഹൈക്കമാന്റ്’ എന്ന വാക്ക് പലപ്പോഴും വാർത്താമാധ്യമങ്ങളിൽ ഇടം പിടിക്കുന്നത് രാജ്യത്തെ പ്രമുഖ രാഷ്ട്രീയപ്പാർട്ടിയുമായി ബന്ധപ്പെട്ടാണ്. മേൽപ്പറഞ്ഞ പ്രസ്ഥാനത്തിന്റെ മേൽഘടകങ്ങളിലും, കീഴ്ഘടകങ്ങളിലും എന്തെങ്കിലും പ്രതിസന്ധികളുണ്ടാകുന്ന സമയങ്ങളിലും ആഭ്യന്തര കലാപങ്ങൾ മുളപൊട്ടുമ്പോഴും ‘ഹൈക്കമാന്റ്’ ഇടപെട്ടു എന്നൊക്കെ വാർത്തകളിൽ കാണാറുണ്ട്. ഹൈക്കമാന്റ് താക്കീതു ചെയ്താൽ പൊതുവേ ഏതൊരു പ്രവർത്തകനും കീഴ്പെടാറാണ് പതിവ്. അച്ചടക്കം ലംഘിച്ച് കടുത്ത ശിക്ഷാ നടപടികളും നേരിട്ടവർ അനേകരാണ്. എന്തായാലും സംഘടനയുടെ അച്ചടക്കവും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ഒരു പരമാധികാരസ്ഥാനമാണ് ഹൈക്കമാന്റ് എന്നതാണ് വസ്തുത. പറഞ്ഞാൽ എതിരഭിപ്രായം പറയാതെ അനുസരിക്കേണ്ട അധികാര സ്ഥാനമാണ് എന്ന് തന്നെ.

ഈ വസ്തുത കുറിക്കുന്നത് ഒരു ആത്മീയ സന്ദേശം കോറിയിടാനാണ്. ഓരോ ദൈവ പൈതലിനും ഒരു ഹൈക്കമാന്റുണ്ട്. അത് സ്വർഗ്ഗത്തിലെ ദൈവമെന്ന പരമാധികാര കേന്ദ്രമാണ്. അനുസരണത്തോടെയും അച്ചടക്കത്തോടെയും പിൻ പറ്റേണ്ട പരമാധികാര കേന്ദ്രം. ദൈവം കൽപ്പിച്ചാൽ അത് അക്ഷരം പ്രതി അനുസരിക്കുന്നതാണുചിതം .മറുതലിക്കുന്നതു കടുത്ത ശിക്ഷ ഏറ്റുവാങ്ങേണ്ടിവരുമെന്നതും തർക്കമില്ലാത്ത വസ്തുതയാണ്. സ്വർഗ്ഗത്തിലെ ഹൈക്കമാന്റിനു മുന്നിൽ വിധേയത്വം കാണിച്ചു അനുഗ്രഹീതരായവരുടെ നീണ്ട പട്ടിക തന്നെ വചനത്തിൽ കാണാം. അവിടുത്തെ കല്പന അനുസരിച്ചു തന്റെ ഏകജാതനായ മകനെ യാഗം കഴിക്കാനിറങ്ങിപ്പുറപ്പെട്ട അബ്രഹാമും ,മരുഭൂമിയിലൂടെ ദൈവജനത്തെ നയിച്ച മോശെയും ,സത്യദൈവത്തിന്റെ പക്ഷത്ത് നട്ടെല്ലുറപ്പോടെ ഉറച്ചു നിന്ന പ്രവാചകനായ ഏലീയാവുമൊക്കെ മേൽപ്പറഞ്ഞ നിലയിൽ അനുഗ്രഹീതരായ നിലയിൽ ഉന്നതന്റെ കല്പനക്കനുസരിച്ചു ചുവടുവച്ചവരാണ്.

നിനവെയിലേക്കു പോകാനുള്ള സർവ്വശക്തന്റെ കല്പന കേൾക്കാതെ തർശീശിലേക്കു പോയ യോനാപ്രവാചകന്റെ ചരിത്രം ഏവർക്കും അറിവുള്ളതാണല്ലോ. ദൈവത്തെ അനുസരിക്കാത്തവരും, വിശ്വസിക്കാത്തവരുമൊക്കെ അവിടുത്തെ മുമ്പാകെ മുട്ട് മടക്കുന്ന ദിനം വിദൂരമല്ലെന്നതും യാഥാർഥ്യമാണ്. ദൈവീക കല്പനകൾ അനുസരിച്ചു (High Command) അനുഗ്രഹം പ്രാപിച്ചു മുന്നേറാൻ ഏവർക്കും ഇടയാകട്ടെയെന്നാശംസിക്കുന്നു. സ്വർഗ്ഗത്തിലെ ഹൈക്കമാന്റിന് വിധേയപ്പെട്ടാകണം അനുദിന ജീവിതത്തിലെ ഓരോ ചുവടുവയ്പുകളും.

# പെന്തെക്കോസ്തൽ കോൺഫറൻസ്: സഹോദരി സമ്മേളനം ഒരുക്കങ്ങൾ പുരോഗമിക്കുന്നു

നിബു വള്ളവന്താനം (നാഷണൽ മീഡിയ കോർഡിനേറ്റർ)



ആശ ഡാനിയേൽ



സൂസൻ ജോൺസൺ MA



സുജ ഇടിക്കുള MA



സിസി ബാബു ജോൺ



പ്രൊഫ. മായ ശിവകുമാർ



ജെസി സാജു മാത്യു

**ന്യൂയോർക്ക്:** ജൂലൈ മാസം 5 മുതൽ 8 വരെ ബോസ്റ്റണിന് സമീപം സ്പ്രിങ്ങ് ഫീൽഡ് മാസ് മ്യൂച്ചൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന 36-ാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിനോടനുബന്ധിച്ചുള്ള സഹോദരി സമ്മേളനങ്ങളുടെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

നാഷണൽ വുമൺസ് കോർഡിനേറ്റർ സിസ്റ്റർ ആശ ഡാനിയേലിന്റെയും ലോക്കൽ കോർഡിനേറ്റേഴ്സ് സൂസൻ ജോൺസണിന്റെയും സുജ ഇടിക്കുളയുടെയും നേതൃത്വത്തിൽ നടക്കുന്ന പ്രത്യേക സെക്ഷനുകളിൽ അമേരിക്കയുടെ വിവിധ സ്റ്റേറ്റുകളിൽ നിന്നുമുള്ള 15-ൽ പരം സഹോദരിമാർ പ്രോഗ്രാമുകളുടെ ചുമതലകൾ വഹിക്കും.

മുൻ വർഷങ്ങളിൽ ക്രമീകരിക്കപ്പെട്ടതായ യോഗങ്ങൾക്ക് പുറമേ സാമൂഹ്യ സേവനരംഗത്തും വ്യത്യസ്ത തൊഴിൽ മേലയിലും വളരെയധികം പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നവർക്കായി പ്രത്യേക സമ്മേളനങ്ങൾ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. ദൈവവചനം ശക്തമായി സംസാരിക്കുവാനും ജീവിത അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുമായി സ്വദേശത്തു നിന്നും വിദേശക്ക് നിന്നും സഹോദരിമാർ അതിഥി പ്രാസംഗികരായി എത്തിച്ചേരും. പ്രൊഫ. മായശിവകുമാർ, സിസി ബാബു ജോൺ, ജെസി സാജു മാത്യു തുടങ്ങിയവർ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തും.

സഹോദരി സമ്മേളനങ്ങളെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും അറിയുവാൻ വെബ്സൈറ്റ് സന്ദർശിക്കുക. www.pcnak2018.org

വാർത്തകളും ലേഖനങ്ങളും അയക്കേണ്ട വിലാസം
BELIEVERS JOURNAL
Kandankeril Building
Kumbanad P.O, Thiruvalla - 689 547
Email: beljourn@gmail.com

ധ്യാനം

# വരുവാനുള്ളവൻ നീയോ?



ഷൈജു ഡാനിയേൽ, അടൂർ

നീണ്ട ആണ്ടുകളായി അടഞ്ഞു കിടന്ന അന്ധകാര വഴിയിലൂടെ ഒരുവൻ കടന്നുവന്നു. രണ്ടു യുഗങ്ങൾക്കിടയിൽ നിന്നുകൊണ്ട് ഒരു വലിയ കർത്തവ്യം ഏറ്റെടുത്തവൻ വീട്ടിലെ കനത്ത യാഗശിഷ്ടങ്ങൾക്ക് പകരം വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷണമാക്കിയവൻ. മണികിലുക്കമുള്ള പൗരോഹിത്യത്തിന്റെ ഉടയാടകൾക്കു പകരം ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും ധരിച്ചുകൊണ്ട് രംഗപ്രവേശനം ചെയ്തവൻ. ഒരേ ഒരു ലക്ഷ്യം എനിക്ക് പിന്നാലെ ഒരുവൻ വരുന്നുണ്ട്. അവനു വഴി ഒരുക്കുക. സർപ്പസന്തതികളെ എന്നുച്ചത്തിൽ വിളിച്ചുകൊണ്ട് പരീശരോടും സദൂക്യരോടും ഒക്കെ മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കുവീൻ എന്ന് ആഹ്വാനം ചെയ്ത, സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ ജനസമ്മതനായ യോഹന്നാൻ, ഒടുവിൽ ഒരു വിഷമവൃത്തത്തിൽ അകപെട്ടിട്ടാരായുന്നു-വരുവാനുള്ളവൻ നീയോ അതോ ഞങ്ങൾ മറ്റൊരുവനു വേണ്ടി കാത്തിരിക്കണമോ? എന്തിനുവേണ്ടി താൻ നിലകൊണ്ടോ അതിനെ സംശയിക്കുന്ന യോഹന്നാൻ!!!

ദൈവനാമത്തിനുവേണ്ടി നാമെടുത്ത നിലപാടുകളിൽ ഭാവിയിൽ രൂപപ്പെടുന്ന സംശയങ്ങൾ, അത് ചിന്തയുടെ അംശത്തിൽ ആണെങ്കിൽ പോലും ഏറ്റവും ഗൗരവമേറിയതാണ്. നാം വഴി ഒരുക്കി മറ്റുള്ളവർക്ക് വെളിപ്പെടുത്തിയ സത്യത്തെ വീണ്ടും വഴി അടച്ചു തടുക്കുന്നതിനു സമമാണ് നമ്മിൽ ഉള്ള വാകുന്ന വിലകുറഞ്ഞ ആശങ്കകൾ. കാലങ്ങൾ ഏറെയായി കർത്താവിന്റെ വരവിനെക്കുറിച്ച് പ്രസംഗിച്ചിട്ടും ഇന്നും തുടരുന്ന കാത്തിരിപ്പ് നമ്മിൽ പലരെയും സംശയാലുക്കളാക്കുന്നു. വീടൊരുക്കിയാൽ വന്നുടൻ വീണ്ടുകൊള്ളുമെന്നു പറഞ്ഞു ഉയരങ്ങളിലേക്ക് കരേറി പോയവൻ, നാം പ്രചരിപ്പിക്കുന്ന ക്രിസ്തു തന്നെയോ എന്ന സംശയം നമ്മിൽ പലരിലും രൂപപ്പെട്ടു എന്നതിന്റെ തെളിവാണ് നമുക്കിടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ആശയകുഴപ്പങ്ങളും അതിന്റെ അനന്തര ഫലങ്ങളും. ക്രിസ്തുവിനെ ലോകത്തിനു പ്രദർശിപ്പിച്ചുകൊണ്ട് മാനവ സമൂഹത്തിൽ വഴിതെളിക്കുവാൻ ഇറങ്ങിയ നാം കാലങ്ങൾ ഏറെ കഴിയുംമുമ്പേ ആ ലക്ഷ്യത്തിൽ നിന്നും മറ്റു പലതിലേക്കും കൂറുമാറിയത് ഒരിക്കൽ നാം മുറുകെ പിടിച്ചിരുന്ന പലതിനോടുമുള്ള നമ്മുടെ അലസമനോഭാവത്തിന്റെ കാരണം കൊണ്ടാണ് എന്നതിൽ തർക്കമില്ല. സത്യോപദേശത്തെ മറച്ചുവച്ച് കൊണ്ട് അനധികൃതമായി ദൈവനിർമ്മാണത്തെ അഴിക്കുന്ന നവയുഗ കരാറുകാർ, അണികളുടെ എണ്ണം കുറയാതിരിക്കാൻ ശ്രോതാവിന്റെ ആവശ്യമനുസരിച്ച് സമൃദ്ധി സുവിശേഷത്തിന്റെ മന്നയും കാടപ്പക്ഷിയും വാരി വിതറി എത്തിപ്പിടിക്കുവാൻ ആഹ്വാനം ചെയ്യുന്നതിനിടയിൽ ജീവിതത്തിൽ വന്നു ഭവിക്കുന്ന അല്ലലും ആവലാതികളും കഷ്ടതയും കാരാഗ്രഹവാസവും എല്ലാം അറിയപ്പെടാത്ത ഏതോ ശാപം മൂലമാണെന്നുള്ള ചിന്തയും പ്രചരിപ്പിച്ചു നീങ്ങുമ്പോൾ അപ്രതീക്ഷിതമായി എന്തെങ്കിലും പ്രതിസന്ധികൾ ഈ ലോകജീവിതത്തിൽ വന്നുപെട്ടാൽ ഉടനെ കണ്ടെത്തിയ സുവിശേഷത്തെക്കുറിച്ചുള്ള സന്ദേഹമായി. കാരണം കഷ്ടനഷ്ടങ്ങളും രോഗദുഃഖാദി ക്ലേശങ്ങളിലൊന്നുമില്ലാത്ത ക്രിസ്തുമാർഗ്ഗത്തെ കുറിച്ചുള്ള തെറ്റായ പഠിപ്പിക്കലുകൾ നിമിത്തവും – 'ഇനി നിങ്ങളെ അടിച്ചിട്ടു എന്തു? നിങ്ങൾ അധികം അധികം പിന്മാറുകേയുള്ളൂ. തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു എന്ന പ്രവാചക വാക്യത്തെ അനുസ്മരിപ്പിക്കുമാറ് കാര്യങ്ങൾ എത്തി നില്ക്കുന്നു'.

വഴിതെളിച്ചു യേശുവിനെ പരിചയപ്പെടുത്തുന്ന സുവിശേഷീകരണത്തിൽ നിന്നും പെന്തെക്കോസ്തു സമൂഹം അതിവേഗം അകലുന്നു. ദുർഘടമേടുകളിലൂടെ യാത്ര ചെയ്തു നമ്മുടെ പിതാക്കന്മാർ തെളിച്ചെടുത്ത വഴിയിലൂടെ ആയിരക്കണക്കിനാളുകൾ യേശുവിനെ അറിയാൻ ഭാഗ്യമുണ്ടായെങ്കിൽ തലമുറകൾ കുറെ മാറി വന്നപ്പോൾ പൗത്രീ പൗത്രന്മാർക്കിന്നു സംശയം!! പിതാക്കന്മാർ പ്രസംഗിച്ച യേശുവിനെ ഇവർക്ക് പരിചയമില്ലാതായി തീർന്നിരിക്കുന്നു. കാരണം പുതിയ ഉണർവ്വിന്റെ ദുരുപദേശവ്യാപാരങ്ങളും അവയുടെ സാത്താന്യ വശീകരണങ്ങളും പുതുതലമുറയെ മുഴുവൻ സങ്കൽപ്പങ്ങളുടെ കാരാഗ്രഹങ്ങളിൽ ബന്ധിച്ചിരിക്കുമ്പോൾ അവിടെ നിന്നവർ ചോദിക്കുന്നു "വരുവാനുള്ളവൻ നീയോ?" നമുക്ക് മുമ്പേ ഗമിച്ചവർ മൂല്യമുള്ളതായി കണ്ട പലതിനോടു നമുക്ക് തോന്നുന്ന അതൃപ്തിയും വികല സമീപനങ്ങളും യാഥാർത്ഥ്യങ്ങളെ കുറിച്ച് നമ്മിൽ ശത്രു വിതച്ച സംശയങ്ങളുടെ പരിണിത ഫലമാണ് എന്നത് നാം മറന്നുകൂടാ. "തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ" എന്ന വിസാരക ചോദ്യം മനുഷ്യചരിത്രത്തിലെ ആദ്യത്തെ സംശയത്തിന്റെ വിത്ത് സ്ത്രീയിൽ പാകുവാൻ ഹേതുവായി. ദൈവീക നിയോഗങ്ങളെയും അതിന്റെ ഉദ്ദേശ ശുദ്ധിയും കളങ്കപ്പെടുത്തി നമ്മെ ദർശന വഴിയിൽ നിന്നും അകറ്റി കളയുവാനുള്ള എല്ലാ സാത്താന്യ അടവുകളേയും അവന്റെ നയപരമായ ചോദ്യങ്ങളെയും നാം തിരിച്ചറിയേണ്ടതുണ്ട്. ഇന്നലകളിൽ മിന്നി തിളങ്ങിയ പല ഉന്നതശ്രേഷ്ഠന്മാരും ഗർജ്ജിച്ച പല സിംഹങ്ങളും ഇന്നും ആത്മീയ ഭൂപടത്തിൽ ഇല്ല എന്നത് ഖേദകരം തന്നെ.

കനത്ത വേനലാൽ വിണ്ടുകീറിയ വയലുകൾപോലെ വരണ്ടുണങ്ങിയ സുവിശേഷവേദികൾ ജനത്തെ ആത്മീക നിർജ്ജലീകരണത്തിലേക്ക് നയിക്കുമ്പോൾ അത് വരുവാനുള്ളവനെകുറിച്ച് നമുക്ക് മീതെ നിഴൽ മൂടിയിരിക്കുന്ന സംശയത്തെ വിളിച്ചറിയിക്കുന്നതാണ്. യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ തീരെ വിരളമായിരിക്കുന്നു. കവിഞ്ഞൊഴുകുന്ന അനുഗ്രഹങ്ങളുടെയും വമ്പിച്ച വിടുതലുകളുടെയും സന്ദേശങ്ങൾകൊണ്ട് വേദികളെ നിറക്കുമ്പോൾ തന്റെ വിശുദ്ധന്മാരെ ചേർക്കുവാൻ താമസം വിനാ വരുന്ന ക്രിസ്തുയേശുവിന്റെ വരവിനെക്കുറിച്ച് സന്ദേശമറിയിക്കാൻ നാം മനപൂർവ്വം മടിക്കുന്നു. വേദപുസ്തക പ്രമാണങ്ങളുടെ ലംഘനവും അനാത്മീക പ്രവണതകളുടെ വല്ലാത്ത സ്വാധീനതകളും ആത്മാവിനാൽ നയിക്കപ്പെടാത്തവരുടെ അഴിഞ്ഞാട്ടങ്ങളും ദൈവജനത്തിന്റെ ഇടയിൽ വർദ്ധിക്കുമ്പോൾ ഇതിന്റെയെല്ലാം നടുവിൽ ഭക്തിയോടെ ദൈവത്തെ പിൻപറ്റുന്ന ഒരു ചെറിയകൂട്ടം ആശയക്കുഴപ്പത്തിൽ ആകുകയാണ്. കണ്ടെത്തിയ സത്യത്തെക്കുറിച്ചുള്ള സംശയം അവരിലും ശത്രു വിതക്കാൻ നോക്കുമ്പോൾ നമുക്ക് ചുറ്റും തകരപ്പെടുന്നവരെ കണ്ടു മനം മടുക്കാതെ നമ്മിൽ ഉളവായ് വരുന്ന എല്ലാ സാത്താന്യസംശയങ്ങളെയും നാം പുറത്താക്കേണ്ടതുണ്ട്. ഞാൻ കണ്ടെത്തിയതും ഞാൻ കാത്തിരിക്കുന്നതുമായ "വരുവാനുള്ളവൻ നീ തന്നെ" എന്ന ഉറപ്പു നമ്മിൽ എക്കാലവും ഉണ്ടാകട്ടെ. അത് തന്നെ ആയിരിക്കട്ടെ നമ്മെ മുന്നോട്ടു നയിക്കുന്നതും!!.

ലേഖനം

# വറ്റാത്ത ചോരപ്പുഴയുടെ ചരിത്രമുള്ള സിറിയ



ഷൈജു തോമസ്
ഞാറയ്ക്കൽ
9447313709, 7561800305

വേദപുസ്തകപരമായി ഏറെ പ്രധാന്യമുള്ള തെക്കുപടിഞ്ഞാറൻ ഏഷ്യയിൽ മെഡിറ്ററേനിയൻ കടൽ തീരത്തു സ്ഥിതിചെയ്യുന്ന രാജ്യമാണ് ആധുനിക സിറിയ. ക്രിസ്തുവിന് മുന്നമെ 2100–ൽ അമോറൈറ്റ് ഗോത്രക്കാർ ഇവിടെ വാസമുറപ്പിച്ചു. അതിനുശേഷം അസീറിയക്കാരും ബാബിലോണിയക്കാരും പേർഷ്യക്കാരും ഗ്രീക്കുകാരും റോമാക്കാരും സിറിയയിൽ ആധിപത്യം സ്ഥാപിച്ചു. ഓട്ടോമൻ തുർക്കികളുടെ നിയന്ത്രണത്തിൽ വരുന്നതിന്നു മുൻപ് കനാന്യർ, ഫിനീഷ്യൻസ്, ഹീബ്രൂസ്, അറീമിയൻ, അസ്സീറിയൻ, പേർഷ്യൻ, ഗ്രീക്ക്, റോമൻ, നബാറ്റിയൻ തുടങ്ങി നിരവധി സാമ്രാജ്യങ്ങളുടെ നിയന്ത്രണത്തിലൂടെ ഈ പ്രദേശം കടന്നു പോയിട്ടുണ്ട്. എന്നാൽ സമകാലീന സിറിയയുടെ ചരിത്രം രക്തം വാർന്നു കൊണ്ടിരിക്കുന്നതാണ്. ഇന്ന് ലോകത്തിന്റെ വേദനയായി മാറിയിരിക്കുകയാണ്. സോഷ്യൽ മീഡിയകളിൽ നിരന്തരമായി വന്നുകൊണ്ടിരിക്കുന്ന വീഡിയോകളും ഫോട്ടോകളും മനുഷ്യത്വമുള്ളവരുടെ ഹൃദയം പിളർക്കുന്നു. 2011 ലെ 'മുല്ലപ്പൂ വിപ്ലവ'മെന്ന് വിശേഷിപ്പിക്കപ്പെട്ട ഭരണ മാറ്റ പരമ്പരകൾക്കും പ്രക്ഷോഭങ്ങൾക്കുമിടയിലാണ് സിറിയയിലും കലാപം തുടങ്ങുന്നത്. അറബ് വസന്തത്തിന്റെ മുല്ലപ്പൂ മണവുമായി ആദ്യം ടുണീഷ്യയിലും പിന്നീട് ഈജിപ്തിലും വീശിയ കാറ്റിന്റെ തുടർച്ച മറ്റൊരു വിധത്തിലായി തീർന്നതിന്റെ പരിണതിയായിരുന്നു സിറിയൻ പ്രശ്നത്തിന് പുതിയ കാമ്പായി മാറിയത്.ബാദ് പാർട്ടിയുടെ നേതൃത്വത്തിലുള്ള സിറിയൻ സർക്കാരും സർക്കാരിനെ അട്ടിമറിക്കാൻ ശ്രമം നടത്തുന്ന വിമത സൈന്യവും തമ്മിലുള്ള ആഭ്യന്തര യുദ്ധമാണ് സിറിയൻ ആഭ്യന്തരയുദ്ധം. 2011 മാർച്ച് 15 മുതൽ ആരംഭിച്ച ആഭ്യന്തരയുദ്ധം ഇപ്പോളും തുടർന്നുകൊണ്ടിരിക്കയാണ്.

മനുഷ്യന്റെ രക്തത്തിന് വിലകല്പിക്കാതെ അധികാരത്തിൽ ആർത്തി പൂണ്ട വൻ ശക്തികൾ തമ്മിലുള്ള കിട മത്സരമാണ് സത്യത്തിൽ സിറിയയെ ഈ ദയനീയാവസ്ഥയിലേക്ക് ചെന്നെത്തിച്ചത്. വൻ ശക്തികളുടെ രാഷ്ട്രീയ വടംവലിയിലും തീവ്രവാദികളുടെ മനുഷ്യത്വ രഹിതമായ അറുംകൊലകളിലും അധികാരം കാത്ത് സൂക്ഷിക്കാനായി സ്വന്തം ജനതയ്ക്ക് നേരെ നടത്തുന്ന ആക്രമണത്തിന്റെ നേർ ചിത്രമാണ് തകർന്നു തരിപ്പണമായ സിറിയ ലോകത്തിന് മുമ്പിൽ വിളിച്ച് പറയുന്നത്. 'വോയിസസ് ഫ്രം സിറിയ 2018' എന്ന തലക്കെട്ടിലുള്ള റിപ്പോർട്ടിലാണു ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ഉള്ളത്. മരിച്ച കുഞ്ഞുമക്കളെ കൈയ്യിലേന്തി നിൽക്കുന്നവർ. മുറിവേറ്റ് പ്രാണനുംകൊണ്ട് ഓടുന്നവർ.തകർന്നു തരിപ്പണമായ വീടുകൾക്കും കെട്ടിടങ്ങൾക്കുമിടയിൽ ചിതറിക്കിടക്കുന്ന മൃതദേഹങ്ങൾ.പിരമിഡുപോലെ കൂമ്പാരം കൂട്ടിയ ശവങ്ങൾ. ഏതു നിമിഷവും മരണം പലതരത്തിൽ ഇരച്ചുവരാമെന്നു പേടിച്ചിരിക്കുന്നവർ. കഴിഞ്ഞ ഏഴ് വർഷമായി പത്ര ദൃശ്യ മാധ്യമങ്ങളിൽ നാം വായിക്കുകയും കാണുകയും ചെയ്യുന്ന സിറിയൻ ദുരന്തങ്ങളാണിത്. നാലു ലക്ഷത്തിലധികം പേർ കൊല്ലപ്പെട്ടു.11 ലക്ഷംപേർക്ക് പരിക്കേറ്റു.ഭവന രഹിതരായത് ഒരുകോടിയിലേറെപ്പേർ. ലക്ഷക്കണക്കിനു പേരാണ് വിശപ്പും രോഗവുംകൊണ്ടു വലയുന്നത്.കുട്ടികൾ സ്കൂളുകളിൽ പോയകാലം മറന്നു.യൂറോപ്പിലാകെ സിറിയൻ അഭയാർഥികൾ എല്ലാം ഇട്ടെറിഞ്ഞ് ബോംബിനും വെടിയുണ്ടകൾക്കും ഇടയിലൂടെ ജീവനുംകൊണ്ടോടുകയാണ്.



സിറിയയിൽ ആഭ്യന്തര കലാപങ്ങളുടെ മുളപൊട്ടുകയും അത് തഴച്ചു വളർന്നതിനു പിന്നിൽ മതവും രാഷ്ട്രീയവും അന്താരാഷ്ട്ര ഗൂഢാലോചനകളും ഉണ്ടെന്നതാണ് സത്യം. സിറിയൻ സൈന്യവും വിമതരും തമ്മിലാണ് കലാപം എന്നു പറയുമ്പോഴും അതിൽ മതന്യൂനപക്ഷവും മതഭൂരിപക്ഷവും ചൂഷണം നടത്തുന്ന ഭീകരർവേറെയും.

വേദപുസ്തക പ്രവചനം പ്രകാരം ഇപ്പോൾ സിറിയയിൽ നടക്കുന്ന ആഭ്യന്തര യുദ്ധത്തിന് ഏറെ പ്രധാന്യമുണ്ട്. ആമോസ് 1: 5-ൽ ഞാൻ ദമ്മേശെക്കിന്റെ ഓടാമ്പൽ തകർത്തു, ആവെൻ താഴ്വരയിൽ നിന്നു നിവാസിയെയും ഏദെൻ ഗൃഹത്തിൽനിന്നു ചെങ്കോൽ പിടിക്കുന്നവനെയും ഛേദിച്ചുകളയും; അരാമ്യർ ബദ്ധന്മാരായി കീറിലേക്കു പോകേണ്ടിവരും എന്നു യഹോവ അരുളിച്ചെയ്യുന്നു. സിറിയയുടെ തലസ്ഥാനം ദമാസ്ക്കസ് ആണ്. ദമാസ്ക്കസിനുമേൽ പതിക്കും എന്നു പറഞ്ഞാൽ, സിറിയ എന്ന രാജ്യത്തെ മുഴുവനെയുമാണ് അർത്ഥമാക്കുന്നത്! ദാനിയേൽ പ്രവചനം പറയുന്നത് എതിർക്രിസ്തു രംഗപ്രവേശനം ചെയ്യുന്നത് സിറിയയിൽ നിന്നായിരിക്കും എന്നാണ്. മഹാനായ അലക്സാണ്ടറിന്റെ മരണശേഷം യവനായ സാമ്രാജ്യം ചെന്നുചേർന്നത് അദ്ദേഹത്തിന്റെ മക്കളുടെ കൈവശമല്ല മറിച്ച് തന്റെ നാലു സൈന്യാധിപന്മാരുടെ കൈവശമാണ്. ഇതിൽ വടക്കെരാജ്യത്തിൽ നിന്നുമായിരിക്കും എതിർക്രിസ്തു എഴുന്നേല്ക്കുന്നത് എന്നും പറഞ്ഞിരിക്കുന്നു. ദാനിയേൽ 11:36 മുതൽ 12:13 വരെയുള്ള വാക്യങ്ങളിൽ അന്ത്യകാലത്ത് വടക്കെദേശത്തെ ഭരിക്കുന്ന രാജാവായിരിക്കും എതിർക്രിസ്തു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ദാനിയേലിന്റെ ദർശനത്തിൽ അന്ത്യോക്കാസ് എപ്പിഫാനസ് എന്ന സിറിയൻ രാജാവിനെ പ്രതീകാത്മകമായി കാണിച്ച് അതേ സ്വഭാവത്തോടുകൂടെ അവസാനത്തെ സിറിയൻ രാജാവായിരിക്കും എന്ന് വ്യക്തമാണ്. ജനസമുദായ കടൽ ഇളകി മറിയുകയും, സിറിയയിൽ ആഭ്യന്തര യുദ്ധം രൂക്ഷമാകുകയും ചെയ്യുമ്പോൾ പ്രവചന നിവൃത്തികരണത്തിനായി ലോകം ഒരുങ്ങുകയാണെന്ന് നമുക്ക് ചിന്തിക്കാം.

# പൊടിയമ്മ സഹോദരിയുടെ കൺവൻഷൻ..



ആഷേർ കെ. മാത്യു

മകന് ദുബായിൽ ജോലി കിട്ടിയ അന്ന് പൊടിയമ്മ സഹോദരി എടുത്ത തീരുമാനമാണ്.

'വീടിന്റെ മുറ്റത്ത് പന്തല് കെട്ടി ഒരു കൺവെൻഷൻ നടത്തും'.

നേർച്ചയാണോ എന്നൊക്കെ ചോദിച്ചാൽ പൊടിയമ്മക്ക് മറുപടിയില്ല.

'നേർച്ചയൊന്നും അല്ലെന്നേ ...നാട്ടുകാര് സുവിശേഷം കേൾക്കട്ടെന്നേ..'

അത് സത്യവുമായിരുന്നു. യഥാർത്ഥമായി ആത്മഭാരമുള്ള ഒരു സഹോദരി ആയിരുന്നു പൊടിയമ്മ. എങ്ങനെ എങ്കിലും ഒക്കെ സുവിശേഷം അറിയിക്കണം എന്ന ആഗ്രഹമുള്ള ഒരു സഹോദരി. കിട്ടുന്ന അവസരമൊക്കെ ഭവനസന്ദർശനവും, ആശുപത്രി സന്ദർശനവുമൊക്കെ നടത്തിയിരുന്നു പൊടിയമ്മ.

തന്റെ അയൽവാസികളായ ചില കുടുംബങ്ങൾ ഉണ്ട്. അവരോടു സ്ഥിരമായി സുവിശേഷം പറയാറുണ്ടെങ്കിലും അവർ അതൊന്നും ചെവിക്കൊള്ളാറില്ല. പൊടിയമ്മയെ പരിഹസിക്കുകയും ചെയ്യും. പെന്തകോസ്ത് എന്ന് കേൾക്കുന്നതേ പുച്ഛമാണ് അവർക്ക്. അവർ എങ്ങനെയെങ്കിലും കർത്താവിനെ അറിഞ്ഞിരുന്നെങ്കിൽ എന്ന് അതിയായി പൊടിയമ്മ ആഗ്രഹിച്ചിരുന്നു.

അങ്ങനെ മകൻ ജോണിക്ക് ദുബായിൽ ജോലി കിട്ടി. പോകുന്നതിനു മുൻപ് തന്നെ പൊടിയമ്മ മകനോട് പറഞ്ഞു.

'ആദ്യത്തെ ഒന്നല്ലെങ്കിൽ രണ്ടു ശമ്പളം...കൺവെൻഷൻ നടത്താൻ ഇങ്ങു അയച്ചു തന്നേക്കണം. മറ്റു കാര്യങ്ങളൊക്കെ പിന്നെ...'

അമ്മ പറയുന്നതിന് ജോണിക്കു അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നില്ല. ഒരു നല്ല കാര്യത്തിനല്ലേ..ഇരിക്കട്ടെ..

അങ്ങനെ സഭയിലെ പാസ്റ്ററോട് പൊടിയമ്മ സഹോദരി കാര്യം അവതരിപ്പിച്ചു. പാസ്റ്റർക്കു അതിയായ സന്തോഷം. കുറച്ചു നാളായി തന്റെ മനസ്സിലും അതുണ്ടായിരുന്നു. പക്ഷെ ചെറിയ ഒരു സഭയായതിനാൽ അത്രയും തുക ചിലവഴിച്ചു ഒരു കൺവെൻഷൻ നടത്താനുള്ള സാമ്പത്തികസ്ഥിതി ഇല്ലാത്തതിനാലാണ് നടക്കാതെ പോയത്.

ഇപ്പോൾ ഇതാ സകല ചിലവും ഏറ്റെടുക്കാൻ തയ്യാറായി പൊടിയമ്മ സഹോദരി വന്നിരിക്കുന്നു.

'കൺവെൻഷൻ നമ്മുക്ക് ഏറ്റവും മനോഹരമാക്കണം'. പാസ്റ്റർ അടുത്ത ഞായറാഴ്ച സഭയിൽ പ്രസ്താവിച്ചു.

അന്ന് തന്നെ കമ്മിറ്റി കൂടി തീയ്യതിയും തീരുമാനിച്ചു.

പിന്നെ അങ്ങോട്ട് തിരക്ക് പിടിച്ച ദിനങ്ങളായിരുന്നു. പന്തൽ..ഗാനസംഘത്തിന്റെ പരിശീലനം...അനൗൺസ്മെന്റ്.. നോട്ടീസ് വിതരണം...അങ്ങനെ ഓരോ കാര്യങ്ങൾ...

ഒരു കാര്യത്തിൽ മാത്രമായിരുന്നു അഭിപ്രായവ്യത്യാസമുണ്ടായത്. കൺവെൻഷന്റെ പ്രസംഗകനെ ചൊല്ലിയായിരുന്നു അത്. സഭയുടെ പ്രസിഡന്റിനെ വിളിക്കണം എന്ന് ഒരു കൂട്ടർ.. പ്രസിഡന്റിന്റെ പ്രസംഗത്തിന് നിലവാരം പോരാ, നല്ല പേരും പ്രശസ്തിയും ഉള്ള ആളെ തന്നെ വിളിക്കണം എന്ന് ഒരു കൂട്ടർ. 'എന്തൊക്കെയായാലും പ്രസംഗകന്റെ പേര് കേൾക്കുമ്പോൾ തന്നെ ആള് കൂടണം'. സഭയിലെ മൂപ്പൻ അച്ചായന്റെ അഭിപ്രായം അവസാനം അംഗീകരിക്കപ്പെട്ടു.

അങ്ങനെ കാത്തിരുന്ന ദിവസമെത്തി. പ്രശസ്തനായ പ്രസംഗകൻ എത്തിച്ചേർന്നു.

വലിയ ആൾക്കൂട്ടം കൺവെൻഷന് എത്തി. പൊടിയമ്മ സഹോദരിയും, സഭയിലെ മറ്റു വിശ്വാസികളും എല്ലാം വീട് തോറും കയറി ഇറങ്ങിയതിനെ ഫലമായി അവിശ്വാസികളായ ഒത്തിരി ആളുകൾ കൺവെൻഷന് എത്തിയിരുന്നു.

'ഒരാൾ എങ്കിലും രക്ഷിക്കപ്പെടണേ കർത്താവേ..' മുൻനിരയിൽ തന്നെ പ്രാർത്ഥനാനിരതയായി പൊടിയമ്മ സഹോദരി ഇരുന്നു.

പ്രസംഗകൻ പ്രസംഗം തുടങ്ങി.

നല്ല ഫലിതം. നല്ല തുടക്കം തന്നെ. ജനം പ്രസംഗത്തിൽ മുഴുകി ഇരിക്കുകയാണ്. കോമഡി കേട്ട് എല്ലാവരും ചിരിക്കുന്നുണ്ട്.

'പക്ഷെ, ഇദ്ദേഹം സുവിശേഷം പറയുന്നില്ലല്ലോ...' പൊടിയമ്മ ചിന്തിച്ചു. ചിലപ്പോൾ കുറച്ചു കഴിഞ്ഞു പറയുമാരിക്കും...

എന്നാൽ അൽപ്പം കഴിഞ്ഞതോടെ പ്രസംഗകന്റെ ശൈലി മാറി..കത്തിക്കയറുകയാണ്...

'നമ്മടെ സഭ ശരിയല്ല..' ഒറ്റ ആക്രോശം..പിന്നെ സഭയുടെ തെറ്റായ രീതികൾ എണ്ണിപ്പറഞ്ഞു അര മണിക്കൂർ..

'നമ്മടെ പാസ്റ്റർമാർ ശെരിയല്ല..' അടുത്ത ആക്രോശം...പാസ്റ്റർമാരുടെ കുറ്റം ഒരു അര മണിക്കൂർ...

പൊടിയമ്മയുടെ കണ്ണിൽ ഇരുട്ടുകയറി...തല കറങ്ങുന്നുണ്ടോ എന്നൊരു സംശയം...

'ഈ കുറ്റം മുഴുവൻ നാട്ടുകാരെ മൈക്ക് വെച്ചു കെട്ടി കേൾപ്പിക്കാനാണോ ദൈവമേ ഞാൻ കാശു മുടക്കി കൺവെൻഷൻ നടത്തിയത്...' വിറക്കുന്ന ശബ്ദത്തിൽ പൊടിയമ്മ അവിടെ തന്നെയിരുന്നു തേങ്ങി.

പക്ഷെ ജനം നല്ല ആവേശത്തിൽ ആയിരുന്നു. കൈ അടിച്ചു അവർ പ്രസംഗകനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു... തമാശകൾ കേട്ട് അവർ ആർത്തു ചിരിച്ചു.

വേദിയിൽ ഇരുന്ന പാസ്റ്റർമാരുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല..

'ശെടാ...ഇവരുടെ കുറ്റം ഇവര് തന്നെ കേട്ടിട്ട് ഇവർ എന്താ അതിണെ കൈ അടിക്കുന്നത്...' പൊടിയമ്മയുടെ ചിന്ത അങ്ങനെയും പോയി.

അങ്ങനെ കൺവെൻഷൻ കഴിഞ്ഞു.

അടുത്ത ദിവസം വീടിന്റെ മുറ്റത്ത് നിൽക്കുമ്പോൾ അയല്പക്കത്തെ ലിസി വിളിച്ചു പറഞ്ഞു...

'പൊന്നമ്മാമോ...എന്നാ പ്രസംഗമായിരുന്നു ആ പാസ്റ്ററുടെ....കലക്കി കേട്ടോ..എന്താണേലും പുള്ളിക്ക് കാര്യങ്ങൾ അറിയാം... ഇതാ ഞങ്ങളൊന്നും നിങ്ങടെ സഭയിലോട്ടു വരാത്തത്..മനസ്സിലായോ? മുഴുവൻ കൊള്ളരുതായ്മയും നിങ്ങടെ കയ്യിലുണ്ട് ....'

തലയിൽ ഇടി വെട്ടുന്നത് പോലെ തന്നെ പൊടിയമ്മക്ക്.

നേരെ വീട്ടിൽ കയറി ഒരു ഗ്ലാസ് വെള്ളം കുടിച്ചു കസേരയിൽ അങ്ങനെ ഇരുന്നപ്പോഴാണ് മേശയിൽ കിടക്കുന്ന മാസിക കണ്ടത്.

അതിന്റെ ആദ്യ പേജിൽ തന്നെ പ്രശസ്തനായ പ്രസംഗകന്റെ അടുത്ത കൺവെൻഷന്റെ പരസ്യം കൊടുത്തിരുന്നു.

അദ്ദേഹം മനോഹരമായി ചിരിച്ചു കൊണ്ട് നിൽക്കുന്ന ഒരു ചിത്രവും.

'ഇത് ചിരിയാണോ...അതോ എന്നെ നോക്കി പരിഹസിക്കുകയാണോ...ആവോ..'

പാവം പൊടിയമ്മ സഹോദരിയുടെ ആത്മഗതത്തിൽ വേദന കലർന്നിരുന്നു.

## കണ്ടതും കേട്ടതും

# "വിശ്വാസം – അതല്ലേ എല്ലാം"

ജയ്മോഹൻ അതിരുങ്കൽ

കുമ്പനാടു (ഹെബ്രോൻ) കൺവൻഷനിലും തിരുവല്ലയിലെ ചർച്ച് ഓഫ് ഗോഡ് കൺവെൻഷനിലും കൂടി നാലായിരത്തോളം കോപ്പികൾ സൗജന്യമായി വിതരണം ചെയ്ത ഒരു പുസ്തകം–'വിശ്വാസം എന്ന ദൈവവ്യവസ്ഥ'. ഇതെഴുതിയത് ജോൺ ജോർജ് രാജസ്ഥാൻ. രാജസ്ഥാനിലെ ഹനുമാൻഗഡ് എന്ന സ്ഥലം കേന്ദ്രമാക്കി, കഴിഞ്ഞ മുപ്പതു വർഷമായി സുവിശേഷവേല ചെയ്യുന്നയാളാണ് ഇദ്ദേഹം. ഇവിടെത്താമസിച്ച് അവിടെയുള്ള ഗ്രാമങ്ങളിൽ യേശുക്രിസ്തുവിന്റെ സുവിശേഷം അറിയിച്ച് ധാരാളം പേരെ രക്ഷയിലേക്കു നയിച്ചയാളാണു പാസ്റ്റർ ജോൺ ജോർജ്. പാസ്റ്ററും സുവിശേഷകനുമൊക്കെയാണു ഗ്രന്ഥകാരൻ. പരിചയസമ്പന്നനായ എഴുത്തുകാരനൊന്നുമല്ല. എന്നാൽ, അദ്ദേഹത്തിനു കർത്താവു പ്രകാശിപ്പിച്ചുകൊടുത്ത വചനസത്യങ്ങൾ പുസ്തകരൂപത്തിലാക്കി നൽകുകയായിരുന്നു. സൗജന്യമായി എല്ലാം കിട്ടാനാഗ്രഹിക്കുന്നവർ, 'ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി' ഓടിവന്നു പുസ്തകം വാങ്ങിക്കൊണ്ടുപോയി. ചുരുക്കം ചിലർ പണം നൽകി. ദൈവജനം വിവിധമായ ഉപദേശങ്ങൾകൊണ്ടു വലഞ്ഞിരിക്കുന്ന ഒരു കാലമാണിത്. ഏതാണു ശരി, ഏതാണു തെറ്റ് എന്നു തിരിച്ചറിയാൻ അവർക്ക് കഴിയുന്നില്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചുകഴിയുമ്പോൾ, സകലശാപവും നീങ്ങിപ്പോകുന്നുവെന്ന് ഒരു കൂട്ടർ പറയുമ്പോൾ, പിതാക്കന്മാരുടെ ശാപം നീക്കിക്കളയണമെന്നു വേറൊരു കൂട്ടർ പ്രസംഗിക്കുന്നു. കാര്യമായ വചനനിശ്ചയമില്ലാത്തയാളുകൾ ശാപം മാറിപ്പോകാൻ മുന്നോട്ടോടിവരുന്നു. അടുത്ത യോഗത്തിൽ, മേല്പറഞ്ഞതിനെ ഖണ്ഡിച്ചു പ്രസംഗിക്കുന്നു. അദ്ദേഹം പറഞ്ഞതിനു പുല്ലുവില കല്പിച്ചുകൊണ്ട് ശാപം പൊട്ടിക്കുന്നയാളിനെക്കൊണ്ട് കോഴഞ്ചേരി മുതൽ തിരുവല്ലാ വരെ പ്രസംഗിപ്പിക്കുന്നു!

ഇപ്പോൾ ത്രിത്വമാണു സംവാദവിഷയം. സംവാദം ഒരു വഴക്കുപോലായിത്തീർന്നെന്നു തോന്നുന്നു. പണ്ടത്തെ വിശുദ്ധന്മാരായ ദൈവദാസന്മാർ ദൈവവചനം വായിച്ചു ഗ്രഹിച്ച കാര്യമാണു ത്രിത്വം. "ഞാനും പിതാവും ഒന്നാകുന്നുവെന്നാണു കർത്താവു പറഞ്ഞത്. ഒന്നുകിലതു കിറുക്കാണ്, അല്ലെങ്കിലതു സത്യമാണ്. കർത്താവിനു ചിത്തഭ്രമമില്ലായിരുന്നു, കർത്താവു പറഞ്ഞതൊക്കെ സത്യമാണ്. രക്ഷിക്കപ്പെട്ട ഒരാളുടെയുള്ളിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമുണ്ട്. ഇവർ മൂവരും മൂന്നാണോ ഒന്നാണോയെന്നതാണു ചിന്താവിഷയം. ഇതു വല്ലതും സംവാദംകൊണ്ടു പരിഹരിക്കാവുന്നതാണോ? കുളം കലങ്ങുമ്പോൾ വല വീശാനുള്ള താല്പര്യത്തിൽ ഓരോന്നു പറയുന്നു. ഒടുവിൽ രണ്ടുകൂട്ടരും ജയിച്ചതായി അവരവർക്കു തോന്നുന്നു. കേൾക്കാൻ പോകുന്നവർക്ക് ഒന്നും മനസ്സിലാകുന്നുമില്ല! ആർട്ട് ഫിലിം കണ്ടിട്ട് എല്ലാം മനസ്സിലായെന്ന ഭാവത്തിൽ ഇറങ്ങിവരുന്നവരെപ്പോലെയാണു സംവാദം കേൾക്കാൻ പോകുന്ന കാര്യം. വിശ്വസിക്കാൻ കഴിയുന്ന കാര്യങ്ങൾ അധികം തിരക്കണമെന്നില്ല.




കൈകൊട്ടിപ്പാടുകയും തുള്ളുകയും ചെയ്യുന്ന പലർക്കും രക്ഷാനിർണ്ണയമില്ല. രക്ഷിക്കപ്പെടാത്ത നല്ലൊരു കൂട്ടമാളുകൾ സ്നാനമേറ്റവരായിട്ടുണ്ട്, "സ്നാനപ്പെട്ടവർ അനേകർ; രക്ഷിക്കപ്പെട്ടവരോ ചുരുക്കം" എന്നു പറയാം. പാസ്റ്റർമാരുടെ കൂട്ടത്തിലും രക്ഷിക്കപ്പെടാത്തവരുണ്ടെന്നു തോന്നുന്നു. കാരണം, അവരുടെ പ്രസംഗങ്ങളിലൊന്നും യേശുക്രിസ്തുവും രക്ഷയും പരാമർശിച്ചു കേൾക്കാറില്ല. എല്ലാം മോശെയും ചെങ്കടലും മന്നായും ഏലിയാവ്, കാക്ക, ദാവീദ്, ഗോല്യാത്ത് എന്നിവരുമാണ്. പാട്ടുകളാണെങ്കിലും നിത്യത, രക്ഷ, പാപക്ഷമ ഇതൊന്നുമുള്ളതല്ല; കരുതൽ, വിടുതൽ, സൗഖ്യം, നടത്തൽ, പുലർത്തൽ എന്നിവയേയുള്ളൂ. കവിത്വമില്ലാത്തവരും അക്ഷരമറിയാത്തവരുമാണു 'കവനക്രിയ' നടത്തുന്നത്! ഭാര്യയെഴുതിയ കവിത, വള്ളത്തോളിന്റെയും ഉള്ളൂരിന്റെയും കവിതകളെക്കാൾ ഗംഭീരമാണെന്നാണു ഭർത്താവിന്റെ വിചാരം. ആരെങ്കിലും അതിലെ പോരായ്മ ചൂണ്ടിക്കാട്ടിയാൽ, അയാളെ 'അന്യഭാഷ'യിൽ അഭിസംബോധന ചെയ്യും! ചർച്ച് ഓഫ് ഗോഡിനു സ്വസ്തി! സുവിശേഷനാദം ധ്വനിക്കേണ്ടുന്ന മാസികകൾ, ഇത്തരം ക്ഷുദ്രകൃതികൾ പ്രസിദ്ധീകരിക്കുന്നതെന്തിനാണ്? ഫെയ്സ്ബുക്കിലും മറ്റും വാക്പയറ്റും നടത്തി, വേണ്ടതും വേണ്ടാത്തതുമെല്ലാം കയറിക്കിടക്കുന്ന ആടിനെപ്പോലെ,എന്തെക്കെയോ ആണെന്നു ധരിപ്പിക്കുന്നവരുണ്ട്. അവരുടെ തെറ്റുകളും ചൂണ്ടിക്കാണിച്ചുകൂടാ–അവർ അപ്പനുമമ്മയ്ക്കും വിളിച്ചുകളയും! പിന്നെ അവരെ 'അൺഫ്രണ്ട്' ചെയ്യുകയേ മാർഗ്ഗമുള്ളൂ.

ഇങ്ങനെയുള്ള പകർച്ചവ്യാധികൾക്കെതിരെ ജനത്തെ ബോധവത്ക്കരിക്കാൻ കർത്തൃദാസൻ ജോൺ ജോർജിന്റെ ഒരു ശ്രമമാണ്




'വിശ്വാസം എന്ന ദൈവവ്യവസ്ഥ'. ദൈവജനത്തിനു ദിശാബോധം നൽകാനുള്ള ഈ ഉദ്യമം, കുറെയെങ്കിലും വിജയിക്കുമെനന്നു പ്രതീക്ഷിക്കുന്നു.

അയ്യായിരം കോപ്പികളടിച്ച് ഇതു ദൈവമക്കളുടെ കൈകളിലെത്തിക്കണമെന്ന താത്പര്യത്തിൽ നേരിട്ടു വിതരണം ചെയ്യുകയായിരുന്നു. ഹെബ്രോനിൽത്തന്നെ മൂവായിരത്തി ഇരുന്നൂറു കോപ്പികൾ കൊടുത്തു. ബാക്കി തിരുവല്ലാ ചർച്ച് ഓഫ് ഗോഡ് കൺവെൻഷനിലും റാന്നിയിലുമായി കൊടുത്തുതീർത്തു. പ്രിന്റിങ് പ്രസ്സുകാർക്കു കാശുകൊടുത്തേ പറ്റൂ. ഇതൊക്കെ എങ്ങനെ സാധിക്കുമോയെന്തോ? മുപ്പതു വർഷം രാജസ്ഥാനിലെ പ്രതികൂലകാലാവസ്ഥയിൽ താമസിച്ചു സുവിശേഷവേല ചെയ്യുന്ന ജോൺ ജോർജിന്റെ കുടുംബം മുഴുവൻ സുവിശേഷവേലയ്ക്കു സമർപ്പിതരാണ്. അദ്ദേഹത്തിനു സമ്പാദ്യമൊന്നുമില്ല! ഒപ്പമുള്ളത് ഞെരുക്കമുള്ളവരും കടമുള്ളവരും സന്തുഷ്ടിയില്ലാത്തവരു

07

Q&A ചോദ്യോത്തരവേദി

# രക്ഷ നഷ്ടപ്പെടുമോ?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

*ചോദ്യം:* യേശുക്രിസ്തുവിനെ രക്ഷകനായും ദൈവവുമായി ഏറ്റുപറഞ്ഞ് രക്ഷിക്കപ്പെട്ടവന്റെ – വീണ്ടും ജനിച്ചവന്റെ – രക്ഷ അഥവാ സ്വർഗ്ഗീയ പ്രവേശനം ഒരിക്കലും നഷ്ടപ്പെടുകയില്ലെന്ന് ഒരു വിഭാഗം ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. അതിനു കാരണമായി അവർ പറയുന്നത് ഒരു ശിശു ജനിച്ചു കഴിഞ്ഞാൽ, പിന്നീട് അവൻ വളർന്ന് എന്ത് അധർമ്മം ചെയ്താലും, അധികാരികളിൽ നിന്ന് കൊലക്കയർ വാങ്ങേണ്ട തെറ്റ് ചെയ്താലും, ഉത്ഭവപരമായി മാതാപിതാക്കളുടെ മകൻ അല്ലാതായിത്തീരുന്നില്ലല്ലോ എന്നാണ്. അതുപോലെതന്നെ വീണ്ടും ജനിച്ചവർ – രക്ഷിക്കപ്പെട്ടവൻ – പിന്നീട് എങ്ങനെയെല്ലാം ജീവിച്ചാലും ദൈവമകൻ എന്നുള്ള പദവി മാറില്ല എന്നുള്ളതാണ്. താങ്കളുടെ വിശദീകരണം ഈ വിഷയത്തിൽ പ്രതീക്ഷിക്കുന്നു.

– **ജൂലി വെസ്ലി, വാകത്താനം**

*ഉത്തരം:* സ്ത്രീപുരുഷബന്ധത്തിൽ ഒരു ശിശു ജനിക്കുന്നത് ശിശുവിന്റെ സമ്മതത്തോടുകൂടിയല്ല. തന്റെ സമ്മതമില്ലാതെ ജനിച്ച ശിശു പിന്നീട് വളർന്ന് എത്ര തെമ്മാടിയായിത്തീർന്നാലും പിതൃത്വവും മാതൃത്വവും മാറ്റാനൊക്കുകയില്ല. എന്നാൽ ഒരാൾ വീണ്ടും ജനിക്കുന്നത് അഥവാ രക്ഷിക്കപ്പെടുന്നത് അവന്റെ പൂർണ്ണസമ്മതപ്രകാരമാണ്. നമ്മൾ ചെയ്യുന്ന ഒരു നല്ല പ്രവർത്തി കൊണ്ടും രക്ഷിക്കപ്പെടാനാവില്ല. ദുഷ്പ്രവർത്തിക്കുള്ള ശിക്ഷയായി ക്രൂശിൽ കിടന്ന ഒരു കള്ളൻ വീണ്ടും ജനിച്ചത് അവന്റെ ഒരു നന്മ പ്രവർത്തി കൊണ്ടുമല്ല. സ്വന്തബോധ്യപ്രകാരം യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞാണ് ഒരാൾ രക്ഷിക്കപ്പെടുന്നത് (റോമർ 10:9; എഫെസ്യർ 2:8,9). വർഷങ്ങളായി ദൈവഭയത്തോടുകൂടി പ്രാർത്ഥിക്കുകയും ധാരാളം ദാനധർമ്മങ്ങൾ കൊടുക്കുകയും ചെയ്തുകൊണ്ടിരുന്ന കൊർന്നല്യാസ് എന്ന പട്ടാളമേധാവി യേശുവിനെ കർത്താവായി സ്വീകരിച്ചപ്പോഴാണ് രക്ഷിക്കപ്പെട്ടത് അപ്പൊ. പ്രവ. 10). യേശുവിനെ ദൈവമായി അംഗീകരിക്കാതെ ആത്മീയ തീക്ഷ്ണത കാണിച്ചാലൊന്നും രക്ഷിക്കപ്പെടില്ല (റോമർ 10:1,2). ഉയർത്തെഴുന്നേറ്റ യേശു ഇപ്പോഴും ഭൂമിയിൽ തന്റെ സാന്നിധ്യം വെളിപ്പെടുത്തുന്നു എന്നു ബോധ്യപ്പെട്ടപ്പോഴാണ് കാരാഗ്രഹപ്രമാണി രക്ഷിക്കപ്പെട്ടത് (അപ്പൊ. പ്രവ. 16).

ഭാര്യാഭർത്തൃബന്ധമാണ് ലോകത്തിലെ ഏറ്റവും വലിയ മാനുഷിക ബന്ധം. അത് ജീവിതത്തിൽ ഒരു പ്രത്യേക സമയത്ത് ആരംഭിക്കുന്നു. വേറൊരു വ്യക്തിയോട് ആകർഷണം കൂടി ഇപ്പോഴുള്ള ഭാര്യാ/ഭർത്തൃപദവി ഉപേക്ഷിക്കുന്നതോടുകൂടി ആ ബന്ധം എന്നെന്നേക്കുമായി അവസാനിക്കുന്നു. യേശു രക്ഷകനും ദൈവവുമായുള്ള വിശ്വാസം ബോധപൂർവ്വം ഏറ്റു പറഞ്ഞ വ്യക്തിക്ക് കുറെനാൾ കഴിയുമ്പോൾ, യേശുവിലുള്ള വിശ്വാസം കുറയാനും, അകലാനും, യേശുവിനെ തള്ളിപ്പറയാനും, വേറൊരു വിശ്വാസത്തിലേക്ക് മാറിപ്പോകാനും സാധിക്കുന്നതാണ്. അതിനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യനു കൊടുത്തിട്ടുണ്ട്. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാൻ ഒരു ശക്തിക്കും കഴിയുകയില്ലെങ്കിലും നമുക്ക് സാധിക്കുന്നതാണ്. യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞ് സ്നാനപ്പെട്ട് പ്രബോധിപ്പിച്ചുനടന്ന പത്തനംതിട്ടയിലെ ഒരു പെന്തക്കോസ്തുകാരൻ യുവാവ് ഈയടുത്തിടെ ഗൾഫിൽ വച്ച് പരിചയപ്പെട്ട് സ്നേഹിച്ച ഒരു മുസ്ലീം പെൺകുട്ടിക്കുവേണ്ടി തന്റെ വിശ്വാസം തള്ളിപ്പറഞ്ഞ് ഇസ്ലാമായി ദിവസവും നിസ്കരിച്ച് അബൂബക്കറായി ജീവിക്കുന്നു. യേശുവിന്റെ ദൈവത്വവും കർത്തൃത്വവും തിരസ്കരിച്ച ഈ യുവാവിനുവേണ്ടി യേശു സ്വർഗ്ഗത്തിൽ ഭവനം ഒരുക്കുന്നു എന്ന് വചനത്തിൽ ഒരിടത്തും വെളിപ്പെടുത്തുന്നില്ല. മറിച്ച് അവനെ വീട്ടിൽ കയറ്റി രസിപ്പിക്കരുത് എന്ന് വചനം പറയുന്നുമുണ്ട് (2 യോഹ. 7– 10).

ദൈവത്തിന്റെ സൗജന്യ ദാനമായ ദൈവകൃപ ഇന്ന് ലോകത്തിൽ നിറഞ്ഞുനിൽക്കുന്നു. ആർക്കും യേശുവിനെ വിശ്വസിച്ച് രക്ഷ പ്രാപിക്കാം. ദൈവത്തിന്റെ കൃപയും മനുഷ്യന്റെ വിശ്വാസവും തമ്മിൽ ചേരുമ്പോൾ ഒരുവൻ രക്ഷ പ്രാപിക്കുന്നു. ദൈവത്തിന്റെ കൃപ മാറിപ്പോകുന്നില്ല. എന്നാൽ മനുഷ്യന്റെ യേശുവിലുള്ള വിശ്വാസം ഇല്ലാതാകാം. അപ്പോൾ വിശ്വാസത്താൽ സ്വീകരിച്ച രക്ഷ നഷ്ടമാകും. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണം എന്ന് ദൈവം ആഗ്രഹിക്കുന്നുണ്ടെങ്കിലും (2 പത്രോസ് 3:9) ആരുടെമേലും രക്ഷ ദൈവം കെട്ടിയേൽപ്പിക്കുന്നില്ല. സൗജന്യമായ രക്ഷ സ്വീകരിക്കാൻ ആഗ്രഹിക്കുന്നവനു മാത്രമേ ദൈവം രക്ഷ നൽകുകയുള്ളൂ. ഇന്നത്തെ കൃപായുഗത്തിന് മുമ്പ്, ന്യായപ്രമാണ കാലഘട്ടത്തിൽ, യെഹൂദനായി ജനിച്ച് ജീവിച്ചിരുന്ന ധനവാൻ മരണശേഷം നരകത്തിൽ പോകാൻ കാരണം മോശെയെയും പ്രവാചകന്മാരെയും (തിരുവെഴുത്തുകളെ) വിശ്വസിക്കാതിരുന്നതുകൊണ്ടാണ് (ലൂക്കോസ് 16:29–31). യേശുവിനെ കർത്താവെന്ന് വിളിക്കുകയും യേശുവിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവനാണ് രക്ഷിക്കപ്പെട്ടവൻ (മത്തായി 7:21–27). യേശുവിനെ കർത്താവെന്നു വിളിക്കുകയും, യേശുവിന്റെ നാമം ഉപയോഗിച്ച് ചില അത്ഭുതങ്ങൾ കണ്ടതുകൊണ്ടോ, നടത്തിയതുകൊണ്ടോ കർത്താവ് അറിയണമെന്നില്ല അംഗീകരിക്കണമെന്നില്ല (മത്തായി 7:21). രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോടു ചേർക്കുമെങ്കിലും (അപ്പൊ.പ്രവ. 2:47), ജീവപുസ്തകത്തിൽ നിന്ന് ഒരുവന്റെ പേര് എപ്പോൾ വേണമെങ്കിലും മായിച്ചു കളയാവുന്നതാണ് (വെളിപ്പാട് 3:5). പത്തു കന്യകമാരുടെ ഉപമയിൽ, അഞ്ച് കന്യകമാരെ മാത്രമേ കർത്താവംഗീകരിച്ചിരുന്നുള്ളൂ (മത്തായി 25:1–12). യേശുവിനെ കർത്താവെന്ന് പറയുകയും അവന്റെ കല്പനകൾ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. സത്യം അവനിലില്ല (1 യോഹ.2:4). മണ്ണില്ലാത്തിടത്ത് വീണ വിത്ത് പെട്ടെന്ന് മുളച്ച് കലപ്പയ്ക്കു കൈവയ്ക്കുമെങ്കിലും പിന്നീട് പിന്തിരിഞ്ഞുപോകും. കഷ്ടതയും പീഡനവും ധനത്തിന്റെ ആകർഷണവും പലരെയും വിശ്വാസത്തിൽ നിന്ന് അകറ്റിയിട്ടുണ്ട് (മർക്കൊസ് 4:14–24). “പലരും നമ്മുടെയിടയിൽ നിന്ന് പുറപ്പെട്ടുവെങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല. അവർ നമുക്കുള്ളവർ ആയിരുന്നുവെങ്കിൽ നമ്മുടെ ഉപദേശത്തോടും കല്പനകളോടുംകൂടി നിലകൊള്ളുമായിരുന്നു...യേശുവിനെ സത്യദൈവവും നിത്യജീവനുമായി ആരാണ് നിഷേധിക്കുന്നത്? നിഷേധിക്കുന്നവൻ എതിർക്രിസ്തുവിന്റെ ആത്മാവുള്ളവനത്രേ. അവന് ക്രിസ്തുവിന്റെ രാജ്യത്തിൽ നിത്യജീവനുണ്ടെന്ന് ധരിക്കരുത്” (1 യോഹ. 2:19–25 സ്വതന്ത്ര പരിഭാഷ). കർത്താവിനെ പ്രസംഗിച്ചുകൊണ്ടിരുന്ന ദേമാസ് വിശ്വാസത്തിൽ നിന്ന് അകന്നെങ്കിലും (2 തിമൊ. 4:10), ഹൂമനെയോസും അലക്സന്തെരും തങ്ങളുടെ വിശ്വാസം തകർത്തെങ്കിലും (1 തിമൊ. 1:19) പൗലോസ് തന്റെ നിര്യാണകാലത്ത് പറയുന്നു ‘താൻ വിശ്വാസം കാത്തു’ എന്ന് (2 തിമൊ. 4:6,7). “ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിക്കുന്നുവെങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീരുകയുള്ളു” (എബ്രായർ 3:14). “വീണ്ടും ജനിച്ചശേഷം അഥവാ രക്ഷിക്കപ്പെട്ടശേഷം യേശുവിലുള്ള വിശ്വാസം നഷ്ടപ്പെട്ടാൽ പിന്നെ മാനസാന്തരത്തിലേക്ക് മടക്കിക്കൊണ്ടുവരുവാൻ സാധ്യമല്ല” (എബ്രായർ 6:4–6). ‘വാഴ്ത്തിടുന്നു, വാഴ്ത്തിടുന്നു എൻ രക്ഷകനെ വാഴ്ത്തിടുന്നു’ തുടങ്ങി അനേകം യേശുസ്തുതി ഗീതങ്ങളെഴുതിയ പൊയ്കയിൽ യോഹന്നാൻ എന്ന സുവിശേഷകൻ പിന്നീട് ക്രിസ്തീയ വിശ്വാസം ഉപേക്ഷിച്ച് കുമാരഗുരുദേവനായി മാറി. 1970–ൽ സിലോൺ റേഡിയോ വഴി സുവിശേഷം പ്രസംഗം നടത്തിക്കൊണ്ടിരുന്ന ജോൺ ചാണ്ടി എന്ന സുവിശേഷകൻ പിന്നീട് യേശുവിനെ തള്ളിപ്പറഞ്ഞു. ഇസ്ലാമത വിശ്വാസിയായി മാറി. “എന്റെ നീതിമാൻ യേശുവിലുള്ള വിശ്വാസത്താൽ ജീവിക്കും. പിന്മാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല. നാമോ നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിലല്ല. വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിൽ ഉള്ളവരാകുന്നു” (എബ്രായർ 10:38,39).

അപ്പൊസ്തലനായിരുന്ന യൂദാ ദൈവരാജ്യം പ്രസംഗിക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്തിരുന്നു (ലൂക്കോസ് 9:1–6). അവസാനം യൂദായെക്കുറിച്ച് യേശു പറഞ്ഞത് ഇപ്രകാരമാണ്: ‘ഇവൻ ജനിക്കാതിരുന്നെങ്കിൽ കൊള്ളാമായിരുന്നു’ (മർക്കൊസ് 14:21). തമിഴ്നാട്ടുകാരനായ പാലാസിൽ ലാറി യേശുവിന്റെ നാമത്തിൽ ധാരാളം അത്ഭുതങ്ങൾ കാണിക്കുകയും, തന്റെ ശുശ്രൂഷയിൽ അനേകർ രോഗസൗഖ്യം പ്രാപിക്കുകയും ചെയ്തിരുന്നു. അവസാനം നാഗർകോവിൽ എന്ന സ്ഥലത്ത് ചെന്ന് ‘താനാണ് ദാവീദു പുത്രൻ’ എന്നു പ്രഖ്യാപിച്ചുകൊണ്ട് നാന്നൂറു പേരടങ്ങുന്ന ഒരു വികലസംഘമുണ്ടാക്കി മരണമടഞ്ഞു. “എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ശ്രദ്ധിച്ച് യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ നിന്ന് പിന്മാറുമെന്ന് ആത്മാവ് വ്യക്തമായി പറയുന്നു” (1 തിമൊ. 4:1). “ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ട് നിങ്ങൾ ഇത്രവേഗം മറ്റൊരു സുവിശേഷത്തിലേക്ക് തിരിയുന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു” (ഗലാത്യർ 1:6). “ഞാൻ നിങ്ങളോടു പ്രസംഗിച്ച വചനം നിങ്ങൾ മുറുകെപ്പിടിക്കുന്നുവെങ്കിൽ ഈ സുവിശേഷത്താൽ നിങ്ങൾ രക്ഷിക്കപ്പെടും; അല്ലാത്തപക്ഷം നിങ്ങൾ വിശ്വസിച്ചതു വ്യർത്ഥമായിത്തീരും” (1 കൊരി. 15:2). അത്ഭുതങ്ങളാലും അടയാളങ്ങളാലും കർത്താവ് ജനത്തെ മിസ്രയിമിൽ നിന്ന് രക്ഷിച്ചിട്ടും വിശ്വസിക്കാത്തവരെ പിന്നീട് നശിപ്പിച്ചു” (യൂദാ 5 സ്വതന്ത്ര പരിഭാഷ).

# ന്യൂഹോപ്പ് ബൈബിൾ കോളേജ് ഗ്രാഡുവേഷൻ



**നിലമ്പൂർ:** ന്യൂ ഹോപ്പ് ബൈബിൾ കോളേജിന്റെ 18–ാമത് ബിരുദദാന ശുശ്രൂഷ നടന്നു. ഡയറക്ടർ പാസ്റ്റർ ജോൺ ജോർജ് അധ്യക്ഷനായിരുന്നു. പാസ്റ്റർ സാജു ആൻഡ്രൂസ് പ്രാർത്ഥിച്ച് ആരംഭിച്ചു. സ്ഥാപക പ്രസിഡൻറ് പാസ്റ്റർ വി.ജെ ജോർജ് ആമുഖ പ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ സാബു മത്തായി കാതേട്ട് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.സെറാമ്പൂർ കോളേജിന്റെ ബോർഡ് അംഗം പാസ്റ്റർ സിനോജ് ജോർജ് മുഖ്യ സന്ദേശം നൽകി. ഗ്രാഡുവേറ്റ് ചെയ്യുന്ന വിദ്യാർത്ഥികളെ രജിസ്ട്രാർ പാസ്റ്റർ ബിജു വർഗ്ഗീസ് പരിചയപ്പെടുത്തി. ഡയറക്ടർ പാസ്റ്റർ ജോൺ ജോർജ് സർട്ടിഫിക്കറ്റുകൾ വിതണം ചെയ്തു.പാസ്റ്റർ കെ. സി. ഉമ്മൻ ഗ്രാഡുവേറ്റു ചെയ്ത വിദ്യാർത്ഥികളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. അദ്ധ്യാപകൻ പാസ്റ്റർ ലിജോ തോമസ് പ്രധാന അവാർഡുകൾ പ്രഖ്യാപിച്ചു.പാസ്റ്റർമാരായ ബിജോയ് കുര്യാക്കോസ്, ബാബു മഞ്ചേരി, ഷിബു ഫിലിപ്പ്, ഇവാ.സജി മത്തായി കാതേട്ട്, ജോജി മിഖായേൽ, സ്റ്റീഫൻ മാത്യു, സജി സി. ജേക്കബ്, ഫാദർ വി.വി. തോമസ്, തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ബ്രദർ ജയിംസ്സ് വർക്കി കൃതജ്ഞത അറിയിച്ചു. അടുത്ത വർഷത്തെ ക്ലാസുകൾ മെയ് 28ന് ആരംഭിക്കും.

# പി. വൈ. എഫ്. എ.യ്ക്ക് പുതിയ നേതൃത്വം



ജിനു ഏബ്രഹാം



ജെയിംസ് സാമുവൽ



ജോബി ജോയ്

...ഫ് അമേരിക്കയുടെ 2018 വർഷത്തെ പ്രവർത്തനങ്ങൾക്കായി പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് ജിനു ഏബ്രഹാം (ലിറ്റിൽ ഫ്ളോക്ക് പെന്തെക്കോസ്തൽ ചർച്ച്, ന്യൂയോർക്ക്), സെക്രട്ടറി ജെയിംസ് സാമുവൽ (ഇന്ത്യൻ അസംബ്ലി ഓഫ് ഗോഡ്, ന്യൂയോർക്ക്), ട്രഷറർ ജോബി ജോയ് (ഹെബ്രോൻ ഐ.പി.സി., ന്യൂയോർക്ക്). 2018 ഫെബ്രുവരി 18–ന് ബ്രാഡോക്ക് അവന്യൂവിൽ (Bradock Avenue) ഉള്ള ക്യൂൻസ് ചർച്ച് ഓഫ് ഗോഡിൽ നടന്ന ബോർഡ് മീറ്റിംഗോടുകൂടെ ഈ വർഷത്തെ പ്രവർത്തനം ആരംഭിച്ചു. മാർച്ച് 17ന് ഹിക്സ്വില്ലിലുള്ള ഇന്ത്യ പെന്തെക്കോസ്തൽ അസംബ്ലി (ഐ.പി.എ.)–യിൽ വൈകിട്ട് 6.30ന് ഉദ്ഘാടന സമ്മേളനം നടത്തപ്പെടുന്നതാണ്. ഈ വർഷത്തെ എല്ലാ പ്രോഗ്രാമുകളുടെയും വിവരങ്ങൾ pfya.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# 01 ↶ ബെന്നിഹിൻ മാറ്റത്തിന്റെ.....

ങ്കിൽ ദൈവം നമ്മിൽ ശ്രദ്ധ പതിപ്പിക്കും”.

ഈ സംഭാഷണം തന്നിൽ വലിയമാറ്റം വരുത്തിയെന്ന് ബെന്നിഹിൻ സമ്മതിക്കുന്നു. “ഇത് മൂലം ക്രൂസേഡുകളിൽ ആത്മാക്കളുടെ രക്ഷയ്ക്ക് ഞാൻ പ്രാധാന്യം കൊടുത്തു” ബെന്നിഹിൻ പറഞ്ഞു. രോഗശാന്തിക്ക് മാത്രം പ്രാധാന്യം കൊടുക്കുന്ന പ്രസംഗകർ അധികകാലം നിലനിൽക്കില്ല എന്നും ആത്മാക്കളുടെ രക്ഷയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നവർ അവസാനം വരെ പിടിച്ച് നിൽക്കും എന്നും ബെന്നിഹിൻ പറയുന്നു.

ആത്മീക പ്രവർത്തനങ്ങളിൽ ഒന്നാമത്തെ സ്ഥാനം ആത്മാക്കളുടെ രക്ഷയ്ക്കും രണ്ടാമത് അത്ഭുതങ്ങൾക്കും മൂന്നാമത് സമൃദ്ധിക്കും നൽകണം എന്ന് ബെന്നിഹിൻ പറയുന്നു. “ബൈബിളിനെപ്പറ്റി കൂടുതൽ അറിയുന്തോറും ചിന്തയിലും അഭിപ്രായത്തിലും നിങ്ങൾ കൂടുതൽ സംതുലിതമായിരിക്കും. ഞാൻ ചെറുപ്പമായിരുന്നപ്പോൾ അന്നത്തെ പ്രസംഗകരുടെ പഠിപ്പിക്കലിൽ സ്വാധീനിക്കപ്പെട്ടുപോയി. ഇതൊന്നും ദൈവവചനത്തിന് ചേർന്നതല്ലെന്ന് ഞാൻ വളർന്നപ്പോൾ എനിക്ക് മനസിലായി. എന്താണ് സമൃദ്ധി? ഒന്നിനും കുറവില്ലാതിരിക്കുക. യേശുവിനോ അപ്പൊസ്തലന്മാർക്കോ ഒന്നിനും ഒരു കുറവും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്നത്തെ ചിന്താഗതി ധാരാളിത്തത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്’. കൊട്ടാര സമാനമായ വീടുകളും, കാറും, ബാങ്ക് അക്കൗണ്ടും ഇന്ന് കേന്ദ്രസ്ഥാനം ഏറ്റെടുത്തു” ബെന്നിഹിൻ പറഞ്ഞു .

Email: beljourn@gmail.com
Website: www.beljourn.com

# 15– ാമത് മല്ലപ്പള്ളി യു.പി.എഫ് കൺവൻഷൻ

**മല്ലപ്പള്ളി:** 15–ാമത് മല്ലപ്പള്ളി യു.പി.എഫ് കൺവൻഷനും മ്യൂസിക് ഫെസ്റ്റും ഏപ്രിൽ 6, 7, 8 തീയതികളിൽ മങ്കഴിപടി തോപ്പിൽ ഗ്രൗണ്ടിൽ നടക്കും.

പാസ്റ്റേഴ്സ് ബാബു ചെറിയാൻ, ബെൻസൺ മത്തായി, സാജൻ ജോയി എന്നിവർ രാത്രിയോഗങ്ങളിൽ പ്രസംഗിക്കും.

7 ശനി പകൽ 10 മണിക്ക് മൂശാരിക്കവല ശാരോൻ ഹാളിൽ നടക്കുന്ന റിവൈവൽ മീറ്റിംഗിലും സഹോദരീ സമ്മേളനത്തിലും പാസ്റ്റർ അനീഷ് കാവാലം ശുശ്രൂഷിക്കും. എം.യു.പി.എഫ് പ്രസിഡന്റ് പാസ്റ്റർ റ്റി. വി. പോത്തൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. എല്ലാദിവസവും വൈകിട്ട് 5.30 ന് ആരംഭിക്കുന്ന മ്യൂസിക് ഫെസ്റ്റിൽ ഡോ. ബ്ലസൻ മേമന, ഭക്ത വത്സലൻ, ഇമ്മാനുവേൽ ഹെന്റി, ബിനോയി ചാക്കോ, നിർമ്മലാ പീറ്റർ, ജയിസൺ കോട്ടയം, സന്തോഷ് അടൂർ തുടങ്ങിയവർ ഗാനങ്ങൾ ആലപിക്കും.

ജനറൽ കൺവീനേഴ്സ് പാസ്റ്റർ ഏബ്രഹാം കുര്യാക്കോസ്, ബ്രദർ എം.എ ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിലുള്ള 50 അംഗ കമ്മറ്റി കൺവൻഷന്റെ വിപുലമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

# ഐപിസി തിയോളജിക്കൽ സെമിനാരി കോട്ടയം പതിനഞ്ചാമത് ഗ്രാഡുവേഷൻ സർവീസ്



**കോട്ടയം:** ഐ.പി.സി. തിയോളജിക്കൽ സെമിനാരിയുടെ പതിനഞ്ചാമത് ഗ്രാഡുവേഷൻ സർവീസ് 2018 ഫെബ്രുവരി 17–ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഒരു മണിവരെ സെമിനാരി ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. ഗ്രാഡുവേഷനോടനുബന്ധിച്ചുള്ള സ്തോത്രശുശ്രൂഷ 16–ാം തീയതി വെള്ളിയാഴ്ച രാവിലെ പത്ത് മണി മുതൽ ഒരു മണി വരെ നടത്തപ്പെട്ടു. ഗ്രാഡുവേഷനും സ്തോത്രശുശ്രൂഷയിലും എഫ്. എം. പി. ബി. ഡയറക്ടർ റവ. ജോൺ സാമുവേൽ മുഖ്യസന്ദേശം നൽകി. കർത്തൃമേശ ശുശ്രൂഷയ്ക്ക് ഡോ. ഇടിച്ചെറിയ നൈനാൻ നേതൃത്വം നൽകി.

ഫെബ്രുവരി 17–ന് നടന്ന ഗ്രാഡുവേഷനിൽ സെമിനാരി പ്രിൻസിപ്പാൾ റവ. എബി പീറ്റർ 2047–18 പ്രവർത്തനവർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാഡുവേറ്റ് ചെയ്ത 63 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ റവ. എബി പീറ്റർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സെമിനാരി പഠനത്തിലും സുവിശേഷ പ്രവർത്തനങ്ങളിലും ഇതര സേവനരംഗങ്ങളിലും മികവ് പുലർത്തിയ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ അവാർഡുകൾ പ്രസ്തുത സമ്മേളനത്തിൽ നൽകപ്പെട്ടു.

ഐ.പി.സി. കോട്ടയം സൗത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ. ഇ. തോമസ് ഗ്രാഡുവേറ്റ് ചെയ്തു വിദ്യാർത്ഥികളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ചു. ഐ. പി. സി. തിയോളജിക്കൽ സെമിനാരിയും ഭോപ്പാലിൽ പ്രവർത്തിക്കുന്ന സുസമാചാർ തിയോളജിക്കൽ കോളജ് & സെമിനാരിയും ഒരുമിച്ച് പ്രവർത്തിക്കുവാൻ ഇതുകോളജുകളേയും നടത്തുന്ന ബോർഡുകൾ തീരുമാനിച്ചു. അതിന്റെ ഉടമ്പടിപത്രം ഐ.പി.സി. എഡ്യൂക്കേഷൻ & വെൽഫയർ സൊസൈറ്റി പ്രസിഡന്റ് പാസ്റ്റർ തോമസ് ഏബ്രഹാമും സുസമാചാർ സേവ മൻഡലി പ്രസിഡന്റ് ഡോക്ടർ സാമുവേൽ മത്തായിയും ഈ സമ്മേളനത്തിൽ പരസ്യമായി ഒപ്പു വച്ച് കൈമാറി. ഐ.പി.സി. കോട്ടയം നോർത്ത് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സണ്ണി ജോർജ് ഈ ഉടമ്പടി ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു.

ഐ.പി.സി. എഡ്യൂക്കേഷൻ & വെൽഫയർ സൊസൈറ്റി പ്രസിഡന്റ് പാസ്റ്റർ തോമസ് ഏബ്രഹാം, സെമിനാരി സെനറ്റ് വൈസ് ചെയർമാൻ ഡോ. ഇടിച്ചെറിയ നൈനാൻ എന്നിവർ ഗ്രാഡുവേറ്റ്സിനോടുള്ള വിടവാങ്ങൽ സന്ദേശങ്ങൾ നൽകി.

ബ്രദർ പി. എം. ചെറിയാൻ, ബ്രദർ ജോയി താനവേലിൽ, ബ്രദർ സജി പോൾ, പാസ്റ്റർ സ്റ്റാൻലി ഡാനിയേൽ, പാസ്റ്റർ ബിജി തോമസ് എന്നിവർ ആശംസാസന്ദേശങ്ങൾ നൽകി. പാസ്റ്റർ ഏ. റ്റി. ജോർജിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ സമ്മേളനം സമാപിച്ചു.

# ഡാളസ് സിറ്റി വൈഡ് പ്രയർ ഫെല്ലോഷിപ്പിന് പുതിയ നേതൃത്വം



**ഡാളസ്:** ഡാളസ്–മെട്രോ പ്ലെക്സിലെ പെന്തക്കോസ്ത് സഭകളുടെ നേതൃത്വത്തിൽ നടക്കുന്ന 'സിറ്റി–വൈഡ് പ്രയർ ഫെല്ലോഷിപ്പ് ഓഫ് പെന്തക്കോസ്തൽ ചർച്ചസ് ഓഫ് ഡാളസ് ഫോർട്ട് -വർത്ത്- ന്റെ കോ–ഓർഡിനേറ്ററായി പാസ്റ്റർ മാത്യു ശാമുവേൽ ചുമതലയേറ്റു. പാസ്റ്റർമാരായ ജോൺ ഫിലിപ്പ്, ഫിനോയ് ജോൺസൻ, തോമസ് മുല്ലയ്ക്കൽ എന്നിവരും നേതൃത്വത്തിന് പങ്കാളിത്തം വഹിക്കുന്നു.

ഡാളസ് പട്ടണത്തിലെ അമ്പതിലധികം പെന്തക്കോസ്ത് സഭകളുടെ സഹകരണത്തിൽ എല്ലാ വർഷവും വിവിധ സഭകളിൽ നടത്തപ്പെടുന്ന ആത്മീയ സമ്മേളനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന സിറ്റി–വൈഡ് പ്രയർ ഫെല്ലോഷിപ്പ് ഈ വർഷത്തെ പ്രവർത്തനങ്ങൾ ഒരാഴ്ചത്തെ ഉപവാസ പ്രാർത്ഥനയോടു കൂടെ ആരംഭിക്കുകയുണ്ടായി. ഫെബ്രുവരി 18–മുതൽ 24–വരെ ഏഴ് സഭകളിലായി നടത്തപ്പെട്ട പ്രസ്തുത പ്രാർത്ഥനകളിൽ അനേകർ പങ്കാളികളായി. അടുത്ത പ്രധാന സമ്മേളനങ്ങൾ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം നടക്കുന്നതാണ്.

# ഇടുക്കി നോർത്ത് സെന്റർ കൺവൻഷൻ

**ഇടുക്കി നോർത്ത്:** ഐ.പി.സി ഇടുക്കി നോർത്ത് സെന്റർ കൺവൻഷൻ ഫെബ്രുവരി 16 മുതൽ 18 വരെ അടിമാലി വിക്ടറി ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. ഒൻപത് വർഷങ്ങൾക്ക് ശേഷം ആദ്യമായിട്ടാണ് ഇടുക്കി നോർത്ത് സെന്റർ കൺവൻഷൻ നടക്കുന്നത്.

പാസ്റ്റർ. കെ.സി. ജോൺ ( ഐ.പി.സി. ജനറൽ സെക്രട്ടറി), പാസ്റ്റർ. ഷിബു നെടുവേലിൽ ( ഐ.പി.സി. കേരള സ്റ്റേറ്റ് സെക്രട്ടറി ),പാസ്റ്റർ. സ്റ്റാൻലി ദാനിയേൽ, യു.എസ്.എ, പാസ്റ്റർ. അനീഷ് കൊല്ലം, എന്നിവർ ശക്തമായി വചന ശുശ്രൂഷ നിർവഹിച്ചു.

സോദരി സമാജത്തിന്റെ പ്രവർത്തന ഉത്ഘാടനം, ശുശ്രൂഷക സമ്മേളനം, കുട്ടികളുടെയും യുവജനങ്ങളുടെയും ടാലന്റ് ഈവനിംഗ്, തിരുമേശ എന്നിവയും കൺവൻഷനോടനുബന്ധിച്ച് അനുഗ്രഹമായി നടന്നു.

സെന്റർ ശുശ്രൂഷകൻ. പാസ്റ്റർ. ജോയി പെരുമ്പാവൂർ, സെന്റർ സെക്രട്ടറി പാസ്റ്റർ. സാബു തോമസ് എന്നിവർ നേതൃത്വം നൽകി

# പി.വൈ.സി.ഡി ബൈബിൾ ക്വിസ്

**ബിനോയി ശാമുവേൽ ആര്യപ്പള്ളിൽ, മീഡിയ കോർഡിനേറ്റർ**



**ഡാളസ്:** ഡാളസ് പെന്തക്കോസ്ത് യുവജനസംഘടനയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബൈബിൾ ക്വിസ് ഫെബ്രുവരി 25 ഞായറാഴ്ച 5 മണിക്ക് ശാരോൻ ഫെലോഷിപ്പ് സഭാമന്ദിരത്തിൽ വെച്ച് നടന്നു. സംഘടനയുടെ അംഗത്വസഭകളിൽ നിന്നും 11 ടീമുകൾ പങ്കെടുത്ത ആവേശകരമായ മത്സരത്തിൽ ഐ.പി.സി ടാബർനാക്കിൾ ടീം ഒന്നാം സ്ഥാനത്തെത്തി. ക്രോസ് വ്യൂ ചർച്ച് ഓഫ് ഗോഡ് ടീം രണ്ടാമതും, സയോൺ അസംബ്ലിസ് ഓഫ് ഗോഡ് ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ട്രോഫിയും, യഥാക്രമം 1000, 500, 250 ഡോളറും ആയി വിജയികൾക്കുള്ള സമ്മാനതുക. ജോഷ്വ ജോസഫ്, ബിജു തോമസ് എന്നിവരാണ് സമ്മാനതുക സ്പോൺസർ ചെയ്തത്. സാം മാത്യു, സാം തോമസ് എന്നിവർ ബൈബിൾ ക്വിസിന്റെ അവതാരകരയായിരുന്നു. 2017 പ്രവർത്തനവർഷത്തെ അവസാൻ പ്രോഗ്രാം ആയിരുന്നു ഇത്. ബിജു തോമസ് (പ്രസിഡന്റ്), ഷോണി തോമസ് (കോർഡിനേറ്റർ), അലൻ മാത്യു (ട്രഷറാർ) എന്നിവരായിരുന്നു 2017–ലെ പി.വൈ.സി.ഡി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

# 01 കണ്ടതും കേട്ടതും.........

01

മായ (സമ്പത്തില്ലാത്തവർ) പ്രവർത്തകരാണെന്നു പറയാം.

ഈ പുസ്തകം നിങ്ങളൊന്നു വായിക്കണം. രാജസ്ഥാനിൽ പോയി അവിടെ നടക്കുന്ന സുവിശേഷപ്രവർത്തനങ്ങൾ കാണണമെന്നുള്ളവർക്ക് അതിനും അവസരമുണ്ട്. വാട്സാപ്പിൽ ഈ പുസ്തകം നിങ്ങൾക്കും കിട്ടും. കർത്തൃദാസൻ ജോൺ ജോർജിനെ ഒന്നു വിളിക്കുക. അവിടെയുള്ള സുവിശേഷപ്രവർത്തനത്തെക്കുറിച്ചുള്ള വിവരങ്ങളറിയാം. നമ്പർ: 09414508231

നീക്കിബാക്കി: സുവിശേഷവേല ചെയ്ത് ആരും പണം സമ്പാദിക്കരുത്! ഉപജീവനം കഴിക്കുകയോ ആകാവൂ. ദൈവവചനം പല തവണ ഞാൻ വായിച്ചു. ദൈവവേല ചെയ്തു പണം സമ്പാദിച്ച, ധനികനായ ഒരാളെയും കണ്ടില്ല!




MOB: 944736879, TEL: 0469 2666995

beljourn@gmail.com

beljourn.com/ www.bjournal.org

VOL 11, ISSUE 05

# BELIEVERS JOURNAL

PUBLISHED ON 10/03/2018

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2018-20 | Price: ₹10


## റവ. ബില്ലിഗ്രഹാമിന്റെ അന്ത്യയാത്ര ക്യാമറ ദൃശ്യങ്ങൾ


















Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.